27
2026
ഒക്ടോബർ
ചൊവ്വ
തുലാം 10

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 198 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-198 പേജ് 4. വില 2.00 രൂപ

02 സെർബിയൻ പാറ്റകളുടെ തകർപ്പൻ വിജയം; സിജെപിയും ആവേശത്തിൽ

03 നടൻ ടൈഗർ ഷ്രോഫിന് നേരെ വെടിവെപ്പ്: 22-കാരനായ എഞ്ചിനീയറിംഗ് ബിരുദധാരി മധ്യപ്രദേശിൽ അറസ്റ്റിൽ

04 ‘ജഡ്ജിയുടെ മകനായതുകൊണ്ട് നിയമം മാറ്റിയെഴുതാൻ ആർക്കാണ് അധികാരം’

# ചെറുമീൻ പിടിച്ചാൽ ഇനി കർശന നടപടി

## തീരദേശ ജില്ലകളിൽ പരിശോധനയും ബോധവത്കരണവും



തിരുവനന്തപുരം: ഭക്ഷ്യയോഗ്യവും വാണിജ്യപ്രാധാന്യമുള്ളതുമായ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ അനിയന്ത്രിതമായി പിടിക്കുന്നത് മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനും സമുദ്ര ആവാസവ്യവസ്ഥയ്ക്കും ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതിനാൽ ചെറുമീൻ പിടിത്തത്തിനെതിരെ ഫിഷറീസ് വകുപ്പ് കർശന നടപടി ആരംഭിച്ചു. ഇതുസംബന്ധിച്ച് ഫിഷറീസ് ഡയറക്ടറുടെ അധ്യക്ഷതയിൽ തീരദേശ ജില്ലാ ഓഫീസർമാരുടെ യോഗം ചേർന്നു. നിയമലംഘനങ്ങൾ തടയുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുമായി കൃത്യമായ ആക്ഷൻ പ്ലാൻ രണ്ട് ദിവസത്തിനുള്ളിൽ തയ്യാറാക്കാൻ ഡയറക്ടർ നിർദേശം നൽകി.

മത്സ്യങ്ങളുടെ മിനിമം ലീഗൽ സൈസ് സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് എല്ലാ തീരദേശ ജില്ലകളിലും വിപുലമായ ബോധവത്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കും. നിയമപരമായി അനുവദനീയമായ വലിപ്പത്തിൽ താഴെയുള്ള മത്സ്യങ്ങളെ പിടിക്കുന്നതും കൈകാര്യം ചെയ്യുന്നതും സംബന്ധിച്ച നിയന്ത്രണങ്ങൾ മത്സ്യത്തൊഴിലാളികളെ ബോധ്യപ്പെടുത്തും. കോസ്റ്റൽ പോലീസ്, ഹാർബർ എൻജിനീയറിങ് വകുപ്പ്, കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി തുടങ്ങിയ ബന്ധപ്പെട്ട ഏജൻസികളുടെ പങ്കാളിത്തത്തോടെയാണ് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ മാത്രം 9 തീരദേശ ജില്ലകളിലായി ചെറുമീൻ മത്സ്യബന്ധനം നടത്തിയ 54 യനങ്ങൾ ഇംപൌണ്ട് ചെയ്യുകയും 36.15 ലക്ഷം രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കടലിലും മത്സ്യബന്ധന ഹാർബറുകളിലും ലാൻഡിങ് സെന്ററുകളിലും പരിശോധനയും പട്രോളിങ്ങും ശക്തമാക്കും. മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പാക്കാനായി മത്സ്യത്തൊഴിലാളികൾ, മത്സ്യവ്യാപാരികൾ, ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ, പൊതുജനങ്ങൾ എന്നിവരുടെ കൂട്ടായ പങ്കാളിത്തം അനിവാര്യമാണെന്നു ഫിഷറീസ് ഡയറക്ടർ അറിയിച്ചു. നിയമാനുസൃതമായ മത്സ്യബന്ധന രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും ചെറുമീൻ പിടിത്തം നിയന്ത്രിക്കുന്നതിലൂടെയും ഭാവിതലമുറയ്ക്കായി മത്സ്യസമ്പത്ത് സംരക്ഷിക്കാനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനസുരക്ഷ ഉറപ്പാക്കാനും കഴിയുമെന്ന് ഫിഷറീസ് വകുപ്പ് വ്യക്തമാക്കി. കോഴിക്കോട് ജില്ലയിലെ തീരമേഖലയിൽ നിന്ന് നിയമപരമായ വലുപ്പത്തിലെത്താത്ത മത്സ്യക്കുഞ്ഞുങ്ങളെ വ്യാപകമായി പിടികൂടി സംസ്ഥാനത്തിന് പുറത്തേക്ക് കടത്തുന്നതായി മത്സ്യബന്ധന മേഖലയിലെ സംഘടനകൾ ആരോപിക്കുന്നു.

ചാലിയം, കൊയിലാണ്ടി, ചോമ്പാല, വെള്ളയിൽ തുടങ്ങിയ തീരപ്രദേശങ്ങളിൽ നിന്ന് വലിയ തോതിൽ ചെറുമീനുകളെ പിടികൂടുന്നതായാണ് പരാതി. മത്തി, അയല തുടങ്ങിയ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളാണ് പ്രധാനമായും പിടിക്കപ്പെടുന്നതെന്നും ഇവ ഫിഷ് മീൽ, ഫിഷ് ഓയിൽ, ഫിഷ് പൗഡർ, മത്സ്യത്തീറ്റ തുടങ്ങിയവ നിർമിക്കാൻ ഉപയോഗിക്കുന്നതായും വ്യാപാരികൾ പറയുന്നു. ആന്ധ്രാപ്രദേശ്, ഒഡീഷ, ഗോവ, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിലേക്കാണ് പ്രധാനമായും ഇവ കടത്തുന്നതെന്നാണ് ആരോപണം. ആന്ധ്രയിലെ ചെമ്മീൻ ഫാമുകളിലേക്കും മത്സ്യക്കുഞ്ഞുങ്ങൾ എത്തുന്നതായി പറയുന്നു.

പ്രജനനത്തിന് മുമ്പേ ചെറുമീനുകളെ പിടിക്കുന്നത് കടലിലെ മത്സ്യസമ്പത്തിന് വലിയ തിരിച്ചടിയാകുമെന്നാണ് വിദഗ്ധരുടെ മുന്നറിയിപ്പ്. ഇത് ഭാവിയിൽ മത്സ്യലഭ്യത കുറയ്ക്കുന്നതിനൊപ്പം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെയും ബാധിച്ചേക്കാം.

മത്സ്യങ്ങളുടെ കുറഞ്ഞ വലുപ്പം സംബന്ധിച്ച് ഫിഷറീസ് വകുപ്പ് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മത്തിക്ക് കുറഞ്ഞത് 10 സെന്റിമീറ്ററും അയലയ്ക്ക് 15 സെന്റിമീറ്ററും വലുപ്പം വേണമെന്നാണ് നിലവിലെ നിബന്ധന. ഇതിൽ താഴെയുള്ള മത്സ്യങ്ങളെ പിടിക്കുന്നത് നിയമപരമായി ശിക്ഷാർഹമാണ്. ചെറുമീൻ പിടിത്തത്തിനെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് ഫിഷ് മർച്ചന്റ്സ് അസോസിയേഷൻ അധികൃതർക്ക് നിവേദനം നൽകിയിട്ടുണ്ടെന്നും സംഘടന പറയുന്നു. ദിവസവും 10 മുതൽ 40 ലോഡ് വരെ ചെറുമീനുകൾ കയറ്റി അയക്കുന്നതായാണ് ഉയരുന്ന ആരോപണം. ഈ മത്സ്യക്കൊള്ള തടയാൻ ഫിഷറീസ് വകുപ്പ് ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് മത്സ്യബന്ധന മേഖലയിലെ ആവശ്യം.

## സർക്കാരിൻെറ വഞ്ചനയിൽ പ്രതിഷേധിച്ച് എൽപിഎസ്ടി റാങ്ക് ഹോൾഡേഴ്സ്, തല മുണ്ഡനം ചെയ്ത് പ്രതിഷേധിച്ചു

തിരുവനന്തപുരം: സർക്കാരിൻെറ ഭാഗത്തുനിന്നുള്ള വഞ്ചനയിൽ പ്രതിഷേധിച്ച് തല മുണ്ഡനം ചെയ്ത് എൽപിഎസ്ടി റാങ്ക് ഹോൾഡേഴ്സ്. തിരുവനന്തപുരം സെക്രട്ടറിയറ്റിനു മുന്നിലെ സമരപ്പന്തലിൽ വെച്ചാണ് ഉദ്യോഗാർഥികൾ തല മുണ്ഡനം ചെയ്ത് പ്രതിഷേധം കടുപ്പിച്ചത്. ഇനി മുതൽ അനിശ്ചിതകാല നിരാഹാരസമരം ആരംഭിക്കുമെന്നും ഉദ്യോഗാർഥികൾ അറിയിച്ചു.

സർക്കാരിൻെറ ഭാഗത്തുനിന്ന് തങ്ങളുടെ ന്യായമായ ആവശ്യങ്ങളിൽ അനുകൂല തീരുമാനമുണ്ടായില്ലെങ്കിൽ തല മുണ്ഡനം ചെയ്ത് നിരാഹാരം ആരംഭിക്കുമെന്ന് സമരസമിതി കൺവീനർ വളർമതി മുൻപ് വ്യക്തമാക്കിയിരുന്നു. എന്നാൽ സർക്കാരിൻെറ ഭാഗത്തുനിന്ന് യാതൊരു തീരുമാനവും ഉണ്ടാകാഞ്ഞ പശ്ചാത്തലത്തിലാണ് ഉദ്യോഗാർഥികൾ സമരം കൂടുതൽ ശക്തമാക്കിയത്.

സെക്രട്ടറിയേറ്റിന് മുന്നിൽ മാസങ്ങളായി തുടർന്നുപോരുന്ന എൽപിഎസ്ടി ഉദ്യോഗാർഥികളുടെ സമരം തുടർച്ചയായി അവഗണിക്കപ്പെട്ടതിനെ തുടർന്നാണ് തല മുണ്ഡനം ചെയ്യുന്ന ഘട്ടത്തിലേക്ക് എത്തിയത്. മുൻപ് സർക്കാർ ചില ഉറപ്പുകൾ നൽകിയിരുന്നെങ്കിലും പിന്നീട് കച്ചവട മനോഭാവത്തോടെയാണ് സംസാരിക്കുന്നതെന്നും, സമരം അവസാനിപ്പിച്ചാൽ മാത്രമേ ആവശ്യങ്ങൾ പരിഗണിക്കൂ എന്ന് ഭിക്ഷ നൽകുന്നത് പോലെയാണ് അധികാരികൾ പറയുന്നതെന്നും ഉദ്യോഗാർഥികൾ ആരോപിച്ചു.

അധ്യാപക-വിദ്യാർഥി അനുപാതം 1: 25 ആയി പുനർനിശ്ചയിച്ച് ഒഴിവുകൾ സൃഷ്ടിക്കുക, നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് കൃത്യമായി നിയമനം നടത്തുക തുടങ്ങിയ ആവശ്യങ്ങളാണ് ഉദ്യോഗാർഥികൾ മുന്നോട്ട് വെക്കുന്നത്. തീരുമാനമുണ്ടാകുന്നത് വരെ മരണം വരെ നിരാഹാര സമരവുമായി മുന്നോട്ട് പോകാനാണ് റാങ്ക് ഹോൾഡർമാരുടെ തീരുമാനം.

## അടച്ചുറപ്പുള്ള വീട് വേണം: മുഖ്യമന്ത്രിയെ കണ്ട് അട്ടപ്പാടി മധുവിൻെറ അമ്മയും സഹോദരിയും

തിരുവനന്തപുരം: അട്ടപ്പാടിയിൽ ആൾക്കൂട്ട ആക്രമണത്തിനിരയായി കൊല്ലപ്പെട്ട മധുവിൻെറ അമ്മ മല്ലിയമ്മയും സഹോദരി സരസുവും കുടുംബാംഗങ്ങളും മുഖ്യമന്ത്രി വി. ഡി. സതീശനെ സന്ദർശിച്ചു. രാവിലെ 11ന് നിയമസഭാ സമുച്ചയത്തിലെത്തിയാണ് കുടുംബാംഗങ്ങൾ മുഖ്യമന്ത്രിയെ കണ്ടത്. അടച്ചുറപ്പുള്ള വീട് അനുവദിക്കണമെന്നും സരസുവിന് ജോലി നൽകണമെന്നും ആവശ്യപ്പെട്ടാണ് ഇരുവരും മുഖ്യമന്ത്രിയെ സമീപിച്ചത്. സ്ഥലം കണ്ടെത്തിയാൽ ഒരു മാസത്തിനകം വീട് നിർമിച്ച് നൽകുമെന്നും സരസുവിന് എത്രയും വേഗം ജോലി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി ഉറപ്പുനൽകി.

## ആശുപത്രികളിലെ ചികിത്സാച്ചെലവ് നിയന്ത്രിക്കാൻ പുതിയ നിയമം; ബിൽ പണിപ്പുരയിലെന്ന് ആരോഗ്യവകുപ്പ് മന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ കടുത്ത ചികിത്സാച്ചെലവ് നിയന്ത്രിക്കുന്നതിനായി സർക്കാർ പുതിയ നിയമനിർമാണത്തിനൊരുങ്ങുന്നു. ഇതിനായുള്ള ബിൽ പണിപ്പുരയിലാണെന്ന് ആരോഗ്യവകുപ്പ് മന്ത്രി നിയമസഭയെ അറിയിച്ചു. സ്വകാര്യ ആശുപത്രികളിലെ വർധിച്ചുവരുന്ന ചികിത്സാച്ചെലവിൽ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് കെ. എൻ. ബാലഗോപാൽ സഭയിൽ ആവശ്യപ്പെട്ടതിന് മറുപടി നൽകുകയായിരുന്നു മന്ത്രി. ക്യാൻസർ പ്രതിരോധത്തിനായി സർക്കാർ അതീവ ഗൗരവത്തോടെയുള്ള നടപടികളാണ് സ്വീകരിച്ചു പോരുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

മുൻ എംഎൽഎ ശോഭന ജോർജ് നടത്തിയ സൗന്ദര്യ ചികിത്സയുമായി ബന്ധപ്പെട്ട വിവാദത്തിൽ സമഗ്ര അന്വേഷണം നടത്തുമെന്ന് മന്ത്രി വ്യക്തമാക്കി. ആരോഗ്യവകുപ്പ് സെക്രട്ടറിക്കാണ് അന്വേഷണ ചുമതല. 'ഔഷധി' പോലുള്ള സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ സൗന്ദര്യവർദ്ധക ചികിത്സകളേക്കാൾ ആരോഗ്യ സംരക്ഷണത്തിനാണ് മുൻഗണന നൽകേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്തെ സ്പാ സെൻററുകളിൽ ആരോഗ്യവകുപ്പിൻെറ പരിശോധന കാര്യക്ഷമമാക്കണമെന്നും, ഡോക്ടർമാരുടെയും അംഗീകൃത തെറാപ്പിസ്റ്റുകളുടെയും സാന്നിധ്യം ഉറപ്പാക്കണമെന്നും എം. വിൻസെൻറ് എംഎൽഎ ആവശ്യപ്പെട്ടു. ഇത്തരം കേന്ദ്രങ്ങളിൽ നിയമം കണ്ണുവെട്ടിച്ച് അനധികൃത പ്രവർത്തനങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി സഭയിൽ ഉറപ്പുനൽകി.

## മഹാരാഷ്ട്രയിലെ തീരദേശ കുടുംബങ്ങൾക്ക് കൈത്താങ്ങായി സിഎംഎഫ്ആർഐ അഞ്ച് ലക്ഷം കല്ലുമ്മക്കായ വിത്തുകൾ കൈമാറി



1-2 സിഎംഎഫ്ആർഐയുടെ വിഴിഞ്ഞം റീജണൽ സെന്ററിൽ ഉൽപാദിപ്പിച്ച കല്ലുമ്മക്കായ വിത്തുകൾ 3-4 മഹാരാഷ്ട്രയിലേക്ക് വിതരണത്തിനായി തയ്യാറാക്കിയ കല്ലുമ്മക്കായ വിത്തുകൾ

കൊച്ചി: മഹാരാഷ്ട്രയിലെ തീരദേശമേഖലയിൽ വസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൈത്താങ്ങായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ഹാച്ചറിയിൽ ഉൽപാദിപ്പിച്ച അഞ്ച് ലക്ഷം കല്ലുമ്മക്കായ വിത്തുകളും ഒരു ലക്ഷം ഓയിസ്റ്റർ വിത്തുകളും മഹാരാഷ്ട്രയിലെ കർഷകർക്ക് കൈമാറി. ഇതോടെ, ഈ വർഷം ആകെ 10 ലക്ഷം കല്ലുമ്മക്കായ വിത്തുകളാണ് സിഎംഎഫ്ആർഐ മഹാരാഷ്ട്രയിലെ ഗോത്രവർഗ മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചു നൽകിയത്. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയുടെ ഭാഗമായി സിഎംഎഫ്ആർഐ വിഴിഞ്ഞം റീജണൽ സെന്ററിലെ ഹച്ചറിയിലാണ് 2 മുതൽ 4 മില്ലീമീറ്റർ വരെ വലുപ്പമുള്ള കല്ലുമ്മക്കായ വിത്തുകൾ ഉൽപാദിപ്പിച്ചത്. ഓയിസ്റ്റർ വിത്തുകൾ ഉൽപാദിപ്പിച്ചത് സിഎംഎഫ്ആർഐയുടെ മദ്രാസ് സ്റ്റേഷനിലാണ്. കല്ലുമ്മക്കായ-ഓയിസ്റ്റർ കൃഷികൾക്ക് കരുത്ത് പകരുകയും അതുവഴി തീരദേശ കുടുംബങ്ങളുടെ വരുമാനം വർധിപ്പിക്കുകയുമാണ് ലക്ഷ്യം. മത്സ്യത്തൊഴിലാളികളുടെയും ഗോത്രവിഭാഗങ്ങളുടെയും വരുമാന മാർഗ്ഗങ്ങൾ വൈവിധ്യവൽകരിക്കാനും ശാസ്ത്രീയ തീരദേശ അക്വാകൾച്ചർ രീതികൾ പ്രചരിപ്പിക്കാനും സഹായിക്കുന്നതാണ് ഈ ഗവേഷണ നേട്ടമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിന്റെ പിന്തുണയോടെ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി പിൻസിപ്പൽ സയന്റിസ്റ്റ് ഡോ എം കെ അനിലിന്റെ നേതൃത്വത്തിലുള്ള സിഎംഎഫ്ആർഐ ഗവേഷ സംഘം മഹാരാഷ്ട്ര മാംഗ്രൂവ് സെല്ലിലെ 30 ഉദ്യോഗസ്ഥർക്ക് ഈ മേഖലയിൽ പരിശീലനം നൽകുകയും ചെയ്തു. വിത്തുൽപാദനം, കക്കവർഗ കൃഷിരീതികൾ സാങ്കേതിക വിദ്യകൾ എന്നിവയിലായിരുന്നു പരിശീലനം. ഇവരിലൂടെ സാധാരണ കർഷകർക്ക് സിഎംഎഫ്ആർഐയുടെ കൃഷി സാങ്കേതികവിദ്യ പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്. മഹാരാഷ്ട്രയിലെ മംഗ്രൂവ് ആൻഡ് മറൈൻ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ ഫൗണ്ടേഷനാണ് വിത്തുവിതരണവും സാങ്കേതിക മാർഗനിർദ്ദേശങ്ങളും കർഷക പങ്കാളിത്തവും ഏകോപിപ്പിക്കുന്നത്. കുറഞ്ഞ നിക്ഷേപവും പ്രവർത്തനച്ചെലവും മാത്രം ആവശ്യമായി വരുന്ന കക്കവർഗയിനങ്ങളുടെ കൃഷി തീരദേശ ഉപജീവനം മെച്ചപ്പുടുത്തുന്നതിനും പാരിസ്ഥിതിക ആരോഗ്യം നിലനിർത്തുന്നതിനും ഏറെ സഹായകരമാണ്. ജല ഗുണനിലവാരവും പാരിസ്ഥിതിക സാഹചര്യങ്ങളും അനുകൂലമാണെങ്കിൽ, സ്ഥാപിച്ചു കഴിഞ്ഞാൽ ഇവയ്ക്ക് കുറഞ്ഞ പരിപാലനം മാത്രം മതി.˝ കണ്ടൽക്കാടുകളോട് ചേർന്നുള്ള തീരദേശ മേഖലകളിൽ, സുസ്ഥിരമായ വരുമാന നേടാനാവുന്ന കൃഷിയാണിത്. ഫിൽട്ടർ ഫീഡറുകളായ ഈ ജീവികൾ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ സഹായിക്കും.



# സെർബിയൻ പാറ്റകളുടെ തകർപ്പൻ വിജയം; സിജെപിയും ആവേശത്തിൽ

ജീവിതച്ചെലവ് വർധനവ്, ഏകാധിപത്യ പ്രവണതകൾ, തൊഴിലില്ലായ്മ തുടങ്ങി വിവിധ ആവശ്യങ്ങളുന്നയിച്ച് ലോകമെമ്പാടുമുള്ള വിവിധ രാജ്യങ്ങളിൽ വിദ്യാർഥികളുടെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രക്ഷോഭങ്ങൾക്കു വലിയ ഊർജവും ആത്മവിശ്വാസവും പകരുന്നതാണ് സെർബിയയിലെ തെരഞ്ഞെടുപ്പു വിജയം.

അലക്സാണ്ടർ വുചിചിൻറെ ഒരു പതിറ്റാണ്ട് നീണ്ട ഭരണത്തിന് അന്ത്യം കുറിച്ച്, വിദ്യാർഥി കൂട്ടായ്മയുടെ പിന്തുണയോടെ മത്സരിച്ച 'സ്റ്റുഡൻറ് ലിസ്റ്റ്' പാർലമെൻറ് തെരഞ്ഞെടുപ്പിൽ മിന്നുന്ന വിജയമാണു നേടിയത്. വിജയവാർത്ത പുറത്തുവന്നതോടെ തലസ്ഥാനമായ ബൽഗ്രേഡിൽ പതിനായിരക്കണക്കിന് ആളുകൾ തെരുവിലിറങ്ങി വിജയാഘോഷം സംഘടിപ്പിച്ചു. 2014 മുതൽ പ്രധാനമന്ത്രിയായും പ്രസിഡൻറായും രാജ്യം ഭരിച്ചിരുന്ന വുചിചിന് ഇതു കനത്ത തിരിച്ചടിയാണ്.

**വിദ്യാർഥി മുന്നേറ്റത്തിൻെറ പിറവി**

2024ൽ നോവി സാദിലെ റെയിൽവേ സ്റ്റേഷൻ മേൽക്കൂര തകർന്ന് 16 പേർ മരിച്ച സംഭവത്തെത്തുടർന്നുണ്ടായ ശക്തമായ വിദ്യാർഥി പ്രക്ഷോഭത്തിൽനിന്നാണ് 'സ്റ്റുഡൻറ് ലിസ്റ്റ്' എന്ന വിദ്യാർഥി മുന്നേറ്റത്തിൻറെ തുടക്കം. അഴിമതിക്കും ഭരണകൂട വീഴ്ചകൾക്കുമെതിരേ രൂപപ്പെട്ട പ്രക്ഷോഭം പിന്നീട് ഒരു രാഷ്ട്രീയമുന്നേറ്റമായി മാറി.

ഈ പാർട്ടി നേരിട്ട് വിദ്യാർഥി സ്ഥാനാർഥികളെ മത്സരരംഗത്തിറക്കിയിരുന്നില്ല എന്നതാണു ശ്രദ്ധേയം. പകരം സിവിൽ സൊസൈറ്റി അംഗങ്ങൾ, അക്കാദമിഷ്യന്മാർ, ഡോക്ടർമാർ, കർഷകർ തുടങ്ങിയവരടങ്ങുന്ന സംഘത്തെയാണു പിന്തുണച്ചത്. 56കാരനായ കാർഡിയോളജിസ്റ്റും യൂണിവേഴ്സിറ്റി പ്രഫസറുമായ ഇലിജ സ്രദാനോവിച്ച് ആണ് പാനലിനെ നയിച്ചത്.

അഴിമതി തുടച്ചുനീക്കുക, ക്രമസമാധാനവും നിയമവാഴ്ചയും ഉറപ്പാക്കുക, വിദ്യാഭ്യാസ മേഖല സമഗ്രമായി പരിഷ്കരിക്കുക എന്നിവയായിരുന്നു വിദ്യാർഥിമുന്നേറ്റം മുന്നോട്ടുവച്ച വാഗ്ദാനങ്ങൾ.

തെരുവിൽ കണ്ട വിദ്യാർഥി വീര്യം ഭരണതലത്തിലേക്ക് എത്തിക്കുമ്പോൾ സെർബിയയിലെ പുതിയ ഭരണകൂടത്തിന് മുന്നിൽ വലിയ വെല്ലുവിളികളേറെയാണ്.

പൊലിസിൻറെയും മറ്റ് സുരക്ഷാ ഏജൻസികളുടെയും പുനഃസംഘടന, റഷ്യ, ചൈന, യൂറോപ്യൻ യൂണിയൻ എന്നിവയുമായുള്ള നയതന്ത്രബന്ധങ്ങൾ സന്തുലിതമായി കൊണ്ടുപോകൽ, അഴിമതി വിരുദ്ധ വാഗ്ദാനങ്ങൾ നടപ്പിലാക്കിക്കൊണ്ട് സുതാര്യമായ ഭരണം കാഴ്ചവയ്ക്കുക എന്നിവയാണു പ്രധാന വെല്ലുവിളികൾ.

**അനന്തരഫലം**

സെർബിയയിലെ ഈ വിപ്ലവകരമായ തെരഞ്ഞെടുപ്പുഫലം യൂറോപ്പിലും ഏഷ്യയിലും പടർന്നുപന്തലിക്കുന്ന യുവജന-വിദ്യാർഥി പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ ഏറെ ശ്രദ്ധേയമാണ്.

അധ്യാപകരുടെ കുറവ്, സ്കൂളുകളുടെ ജീർണാവസ്ഥ, വിലക്കയറ്റം എന്നിവയ്ക്കെതിരേ ഫ്രാൻസിൽ ആരംഭിച്ച പ്രക്ഷോഭം തുടരുകയാണ്.

വിദ്യാഭ്യാസ ഫണ്ട് വെട്ടിക്കുറച്ചതിനെതിരേയും സൈനിക ചെലവുകൾ വർധിപ്പിച്ചതിനെതിരെയും ഇറ്റലിയിലും വിദ്യാർഥികളുടെ പ്രക്ഷോഭം നടക്കുന്നു. അഴിമതിക്കും തൊഴിലില്ലായ്മയ്ക്കുമെതിരേ പ്രധാനമന്ത്രി എഡി രാമയുടെ രാജി ആവശ്യപ്പെട്ട് അൽബേനിയയിലും ഇന്തോനേഷ്യയിലും വൻ പ്രതിഷേധമാണു നടക്കുന്നത്.

നിർബന്ധിത സൈനിക സേവനത്തിനുള്ള നീക്കങ്ങൾക്കെതിരേ ജർമനിയിലും, ബജറ്റ് വെട്ടിക്കുറച്ചതിനെതിരേ ഓസ്ട്രിയയിലും, പാർപ്പിട പ്രതിസന്ധിക്കെതിരേ ഗ്രീസിലും സ്പെയിനിലും വിദ്യാർഥി പ്രക്ഷോഭങ്ങൾ ശക്തമാണ്.

**പാറ്റകൾക്ക് ആവേശം**

സെർബിയയിൽ അലക്സാണ്ടർ വുചിചിൻറെ ഒരു പതിറ്റാണ്ട് നീണ്ട ഭരണത്തിനു തടയിട്ട് വിദ്യാർഥി മുന്നേറ്റം കൈവരിച്ച ചരിത്ര വിജയം ഇന്ത്യയിലെ യുവജന പ്രസ്ഥാനമായ 'കോക്രോച്ച് ജനതാ പാർട്ടി'ക്കും ആവേശം പകരുന്നു.

തെരുവ് സമരങ്ങൾ ഭരണമാറ്റത്തിലേക്കു വഴിവയ്ക്കുമെന്നതിൻറെ വ്യക്തമായ സന്ദേശമാണ് സെർബിയ നൽകിയതെന്ന് യുവജന സംഘടനകൾ ചൂണ്ടിക്കാട്ടുന്നു. വിദ്യാർഥികൾക്കും തൊഴിൽരഹിതർക്കും നേരേയുണ്ടായ അധിക്ഷേപങ്ങൾക്കെതിരേ 'പാറ്റ' എന്ന പേരുതന്നെ അടയാളമാക്കി മാറ്റി രൂപീകരിച്ച 'കോക്രോച്ച് ജനതാ പാർട്ടി' നീറ്റ് ക്രമക്കേടുകൾക്കെതിരായ സമരങ്ങൾക്ക് ചുക്കാൻ പിടിച്ചു.

ഡൽഹി ജന്തർ മന്തറിൽ നടന്ന ശക്തമായ പ്രതിഷേധങ്ങൾക്കൊടുവിൽ അന്നത്തെ കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാന് രാജിവയ്ക്കേണ്ടിവന്നിരുന്നു. വിദ്യാർഥി പ്രക്ഷോഭങ്ങൾക്ക് നേരിട്ടുള്ള രാഷ്ട്രീയമാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്നതിൻറെ ഉദാഹരണമായിരുന്നു ഇത്.

നിലവിൽ വോട്ടർപട്ടിക ക്രമക്കേടിനെതിരേ പ്രതിപക്ഷത്തിനൊപ്പം പ്രക്ഷോഭരംഗത്താണ് കോക്രോച്ച് ജനതാപാർട്ടി. സർക്കാരിൻറെ അടിച്ചമർത്തൽ നീക്കങ്ങൾക്കുമുന്നിൽ തളരാതെയാണ് ഈ വിദ്യാർഥിപ്രസ്ഥാനത്തിൻറെ തുടർനീക്കങ്ങൾ.

# സർവകലാശാലകൾ മൂല്യവത്തായ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കണം: ഗവർണർ

## കേരള സർവകലാശാലയുടെ ഓണററി ബിരുദങ്ങൾ സമ്മാനിച്ചു

സർവകലാശാലകൾ വിവിധ വിഷയങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള മൂല്യവത്തായ ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന് ഗവർണർ ഓംപ്രകാശ് മാഥുർ. നൂതനാശയങ്ങളെയും സംരംഭകത്വത്തെയും വളർത്തുന്നതിനൊപ്പം വ്യവസായമേഖലയും പൊതുസമൂഹവുമായുള്ള ബന്ധം ശക്തിപ്പെടുത്തുകയും വേണമെന്ന് ഗവർണർ വ്യക്തമാക്കി. സെനറ്റ് ഹാളിൽ നടന്ന കേരള സർവകലാശാലയുടെ ഓണററി ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലോകം സാങ്കേതികവും സാമ്പത്തികവും സാമൂഹികവുമായ ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ, ഉന്നതവിദ്യാഭ്യാസത്തെ പരമ്പരാഗത അതിരുകൾക്കുള്ളിൽ ഒതുക്കിനിർത്താനാകില്ല. തൊഴിൽ ഉറപ്പാക്കാൻ കഴിവുള്ള ബിരുദധാരികളെ സൃഷ്ടിക്കുക എന്നതിലുപരി സഹാനുഭൂതിയും ഉത്തരവാദിത്വവുമുള്ള പൗരന്മാരെ വളർത്തിയെടുക്കുകയായിരിക്കണം സർവകലാശാലകളുടെ ലക്ഷ്യം.മഹത്തായ അക്കാദമിക് പാരമ്പര്യമുള്ള കേരള സർവകലാശാല,സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും ബൗദ്ധികവും സാമൂഹികവുമായ ജീവിതത്തെ സമ്പന്നമാക്കുന്നതിൽ നിർണായക സംഭാവന നൽകിയിട്ടുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും ലോകമെമ്പാടുമായി സജീവമായി പ്രവർത്തിക്കുന്ന പൂർവ വിദ്യാർഥികൾ, സർവകലാശാലയുടെ ഏറ്റവും വലിയ സമ്പത്തുകളിൽ ഒന്നാണ്. കഴിവുള്ള വ്യക്തികൾക്ക് വളരാനും അവരുടെ പൂർണമായ ശേഷി പ്രയോജനപ്പെടുത്താനും കഴിയുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനായി സർവകലാശാലകളും സർക്കാരുകളും ഒത്തുചേർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. ബിരുദം നൽകി ആദരിക്കപ്പെട്ട വിശിഷ്ട വ്യക്തികളുടെ നേട്ടങ്ങൾ വിദ്യാർഥികൾക്കും ഗവേഷകർക്കും കലാകാരന്മാർക്കും ശാസ്ത്രജ്ഞർക്കും കായികതാരങ്ങൾക്കും തുടർന്നും പ്രചോദനമേകുമെന്നും ഗവർണർ പറഞ്ഞു.

പാഠപുസ്തക പഠനങ്ങൾക്കപ്പുറം ജീവിതാനുഭവങ്ങളിലൂടെ നാടിന് നൽകിയ സംഭാവനകളെയാണ് സർവകലാശാല അംഗീകരിച്ചതെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ പറഞ്ഞു. നാല് പ്രതിഭകളെയും ഒരേ വേദിയിൽ ആദരിക്കുന്നത് നാടിന്റെ സമഗ്ര വികാസത്തെ അടയാളപ്പെടുത്തുന്നതായും ഇതിലൂടെ സർവകലാശാലയുടെ മഹത്വമാണ് വർധിച്ചതെന്നും മന്ത്രി അഭിപ്രായപ്പെട്ടു.കേരള സർവകലാശാലയുടെ ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് നടന്ന പ്രത്യേക ബിരുദദാനച്ചടങ്ങിൽ കവിയും ഗാനരചയിതാവും ചലച്ചിത്ര പ്രവർത്തകനുമായ ശ്രീകുമാരൻ തമ്പിക്കും ഒളിമ്പ്യനും ഇന്ത്യൻ ഹോക്കി ടീം മുൻ ക്യാപ്റ്റനുമായ പത്മഭൂഷൺ പി.ആർ. ശ്രീജേഷിനും ഡോക്ടർ ഓഫ് ലെറ്റേഴ്സ് ഓണററി ബിരുദങ്ങൾ ഗവർണർ സമ്മാനിച്ചു. ബഹിരാകാശ ശാസ്ത്രജ്ഞനും ഐ.എസ്.ആർ.ഒ മുൻ ചെയർമാനുമായ പത്മഭൂഷൺ ഡോ. കെ. രാധാകൃഷ്ണന് ഡോക്ടർ ഓഫ് സയൻസ് ഓണററി ബിരുദവും നടനും സംവിധായകനുമായ പത്മശ്രീ മധുവിന് ഡോക്ടർ ഓഫ് ലെറ്റേഴ്സ് ഓണററി ബിരുദവും പ്രഖ്യാപിച്ചു.

സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ, രജിസ്ട്രാർ ആർ. രശ്മി, സിൻഡിക്കേറ്റ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# വിവിധ തസ്തികകളിൽ അഭിമുഖം

പുരാവസ്തു വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ മ്യൂസിയങ്ങളിലും സ്മാരകങ്ങളിലും ദിവസവേതന അടിസ്ഥാനത്തിൽ 179 ദിവസത്തേക്ക് ഓഫീസ് അറ്റൻഡന്റ്, നൈറ്റ് വാച്ചർ, സ്വീപ്പർ, പി.ടി.എസ്, വാച്ചർ, ടൈപ്പിസ്റ്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികകളിലേക്ക് അഭിമുഖം നടത്തും. എസ്.എസ്.എൽ.സി, ടൈപ്പ് റൈറ്റിങ് ഇംഗ്ലീഷ്, മലയാളം ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവയാണ് ടൈപ്പിസ്റ്റിന്റെ യോഗ്യത. ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് ബിരുദവും ഡി.സി.എ. യും ഉണ്ടായിരിക്കണം. മറ്റ് തസ്തികകൾക്ക് ഏഴാം ക്ലാസ് വിജയം ആണ് യോഗ്യത. 18 വയസ്സ് പൂർത്തിയായ ഉദ്യോഗാർഥികൾ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ, യോഗ്യത, വയസ്സ്, ഐഡന്റിറ്റി എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഒക്ടോബർ 28 രാവിലെ 10ന് തിരുവനന്തപുരം ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിന്റെ വടക്കേനടയ്ക്ക് സമീപമുള്ള ശ്രീപാദം കൊട്ടാരത്തിൽ അഭിമുഖത്തിന് ഹാജരാകണം. ഫോൺ: 0471-2577465, ഇ-മെയിൽ: cru.arch@kerala.gov.in.

# ജലനിരപ്പുയരുന്നു; കരമന നദിയിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: ജലനിരപ്പ് അപകട നിലയിൽ തുടരുന്നതിനാൽ കേന്ദ്ര ജല കമ്മിഷൻ തിരുവനന്തപുരം ജില്ലയിലെ കരമന നദിയിൽ (വെള്ളൈക്കടവ് സ്റ്റേഷൻ) യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ഈ നദിയുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പ് നല്കി. യാതൊരു കാരണവശാലും മേൽപറഞ്ഞ നദിയിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കേണ്ടതാണ്. അധികൃതരുടെ നിർദേശാനുസരണം വെള്ളപ്പൊക്ക സാധ്യതയുള്ളയിടങ്ങളിൽ നിന്ന് മാറി താമസിക്കാൻ തയാറാകണമെന്നും മുന്നറിയിപ്പിൽ പറയുന്നു.

# ഇംഗ്ലീഷ് പ്രീമിയർ ലീഗ്: മാഞ്ചസ്റ്റർ യുണൈറ്റഡിനെ വീഴ്ത്തി ബേൺമൗത്ത്

സ്ട്രെറ്റ്ഫോർഡ്: ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഫുട്ബോളിൽ മാഞ്ചസ്റ്റർ യുണൈറ്റഡിനെ വീഴ്ത്തി ബേൺമൗത്ത്. ഞായറാഴ്ച നടന്ന മത്സരത്തിൽ എതിരില്ലാത്ത മൂന്ന് ഗോളുകൾക്കാണ് ബേൺമൗത്ത് വിജയിച്ചത്.

റയാനും മാർകസ് ടവേർനിയറും ഇവാനിൽസണും ആണ് ബേൺമൗത്തിന് വേണ്ടി ഗോളുകൾ നേടിയത്. റയാൻ 38-ാം മിനിറ്റിലും ടവേർനിയർ 43-ാം മിനിറ്റിലും ഇവാനിൽസൺ 71-ാം മിനിറ്റിലുമാണ് ഗോൾ സ്കോർ ചെയ്തത്. വിജയത്തോടെ ബേൺമൗത്തിന് ഒമ്പത് പോയിൻറായി. നിലവിൽ ലീഗ് ടേബിളിൽ 13-ാം സ്ഥാനത്താണ് ബേൺമൗത്ത്.

# റീഫണ്ടിന് ഡിസംബർ 31 വരെ അപേക്ഷിക്കാം

കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ പ്രകാരം 2023 ഏപ്രിൽ 10 മുതൽ പ്രാബല്യത്തിലുണ്ടായിരുന്ന നിരക്കിൽ അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ്, ലേഔട്ട് അപ്രൂവലിനുള്ള സ്ക്രൂട്ടിനി ഫീസ് എന്നിവ അടച്ചവർക്ക് റീഫണ്ട് ലഭിക്കാനുള്ള അപേക്ഷ ഡിസംബർ 31 വരെ നൽകാം. 2023 ഏപ്രിൽ 10ന് നിരക്ക് വർധിപ്പിക്കുകയും പിന്നീട് 2024 ആഗസ്റ്റ് ഒന്നിന് ഇറക്കിയ ഉത്തരവ് പ്രകാരം നിരക്ക് കുറയ്ക്കുകയും ചെയ്തിരുന്നു.

ഇങ്ങനെ നിശ്ചയിച്ച നിരക്കിനേക്കാൾ അധികം ഈടാക്കിയ തുക തിരികെ നൽകുന്നതിനുള്ള അപേക്ഷയാണ് സ്വീകരിക്കുന്നത്. ലഭ്യമാകുന്ന എല്ലാ അപേക്ഷകളിലും അർഹമായ റീഫണ്ട് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവിറക്കി.

# മദ്യലഹരിയിൽ യുവാവ് ഓടിച്ച കാർ സ്കൂട്ടറിൽ ഇടിച്ചു; അധ്യാപകൻ മരിച്ചു

മലപ്പുറം: മദ്യലഹരിയിൽ യുവാവ് ഓടിച്ച കാർ ഇടിച്ച് സ്കൂട്ടർ യാത്രികനായ അധ്യാപകൻ മരിച്ചു. മലപ്പുറം ഒതുക്കുങ്ങലിൽ ഞായറാഴ്ച രാത്രിയായിരുന്നു അപകടം. ഒതുക്കുങ്ങൽ കുഴിപ്പുറം പാലേമാട് സ്വദേശി ഷറഫുദ്ദീൻ (36) ആണ് മരിച്ചത്. കൂടെ ഉണ്ടായിരുന്നു സുഹൃത്തിന് ഗുരുതരമായി പരിക്കേറ്റു. ഷറഫുദ്ദീനും സുഹൃത്ത് ഹബീബും സ്കൂട്ടറിൽ സഞ്ചരിക്കവെ ആയിരുന്നു അപകടം. മദ്യലഹരിയിൽ ആയിരുന്ന കാർ ഡ്രൈവർ സ്കൂട്ടർ ഇടിച്ചുതെറിപ്പിക്കുകയായിരുന്നു. ഗുരുതരമായി പരുക്കേറ്റ ഇരുവരെയും കോട്ടക്കലിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ഷറഫുദ്ദീൻ രാത്രി പന്ത്രണ്ടോടെ മരിച്ചു. സ്വകാര്യ സ്കൂളിൽ താൽകാലിക അധ്യാപകനാണ് ഷറഫുദ്ദീൻ. മദ്യപിച്ച് വാഹനം ഓടിച്ച കാർ ഡ്രൈവറെ വേങ്ങര പൊലിസ് കസ്റ്റഡിയിലെടുത്തു. മെഡിക്കൽ പരിശോധനയിൽ പ്രതി മദ്യലഹരിയിൽ ആയിരുന്നുവെന്ന് സ്ഥിരീകരിക്കുകയായിരുന്നു. പ്രതിക്ക് എതിരെ നരഹത്യ കുറ്റം ചുമത്തിയിട്ടുണ്ട്.

# കുറ്റ്യാടി പൊലിസ് സ്റ്റേഷൻ മുറ്റത്ത് ലഹരി സംഘങ്ങൾ തമ്മിൽ ഏറ്റുമുട്ടി; എട്ട് പേർക്കെതിരെ കേസെടുത്തു

കോഴിക്കോട്: കുറ്റ്യാടി പൊലിസ് സ്റ്റേഷൻ മുറ്റത്ത് ലഹരി സംഘങ്ങൾ തമ്മിൽ ഏറ്റുമുട്ടി. സ്റ്റേഷൻ വളപ്പിലേക്ക് രണ്ടു കാറുകൾ ഓടിച്ചുകയറ്റിയ ശേഷമാണ് സംഘങ്ങൾ തമ്മിൽ ഏറ്റുമുട്ടിയത്.

ലഹരി കൈമാറ്റവുമായി ബന്ധപ്പെട്ട സാമ്പത്തിക തർക്കമാണ് ഏറ്റുമുട്ടലിന് കാരണമെന്നാണ് സംശയം. തിങ്കളാഴ്ച പുലർച്ചെ രണ്ടോടെയായിരുന്നു സംഭവം. ഏറ്റുമുട്ടലിൽ കാറുകളും തകർന്നു. ഒരു കാറിൽ നിന്ന് ഒൻപത് ഗ്രാം എംഡിഎംഎയും 10. 5 ഗ്രാം കഞ്ചാവും പിടികൂടി.

ഈ കാറിൽ ഉണ്ടായിരുന്ന മൂന്നുപേരെ പോലീസ് കസ്റ്റഡിയിലെടുത്തു. പെരുവണ്ണാമൂഴി സ്വദേശി ആൽബിൻ സെബാസ്റ്റ്യൻ, പേരാമ്പ്ര സ്വദേശികളായ അമൽജിത്ത്, ആൽബിൻ എന്നിവരെയാണ് പിടികൂടിയത്.

പൊലിസ് സ്റ്റേഷനു മുൻപിൽ സംഘം ചേർന്ന് അക്രമം അഴിച്ചുവിട്ടതിൽ എട്ടുപേർക്കെതിരെ കേസെടുത്തിട്ടുണ്ട്. കോഴിക്കോട് പാറക്കടവിൽനിന്നും വാഹനങ്ങൾ ഇടിപ്പിച്ചശേഷം ഏറ്റുമുട്ടിയ സംഘങ്ങൾ പിന്നീട് നേരെ പൊലിസ് സ്റ്റേഷനിലേക്ക് എത്തുകയായിരുന്നു. രാത്രിയിൽ കൂടുതൽ പൊലിസ് എത്തിയാണ് അക്രമികളെ പിടികൂടിയത്. സംഭവത്തിൽ അന്വേഷണം തുടരുകയാണ്.

# ഡോക്യുമെന്ററി സംവിധായകരുടെ പാനലിലേക്ക് അപേക്ഷിക്കാം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡോക്യുമെന്ററി/ ഹ്രസ്വചിത്ര സംവിധായകരുടെ പാനലിലേക്ക് അപേക്ഷ ക്ഷണിച്ചു. എ, ബി, സി വിഭാഗങ്ങളായാണ് പാനൽ തയ്യാറാക്കുന്നത്. നിലവിലെ പാനലിൽ ഉൾപ്പെട്ടവരും, മുൻപ് അപേക്ഷ സമർപ്പിച്ചവരും പുതിയ പാനലിൽ ഉൾപ്പെടാൻ അപേക്ഷ സമർപ്പിക്കണം. ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, സൗത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, പിൻ- 695001 വിലാസത്തിൽ നവംബർ 13നകം അപേക്ഷ സമർപ്പിക്കണം. അപേക്ഷയുടെ കവറിന് പുറത്ത് 'ഡോക്യുമെന്ററി/ ഹ്രസ്വചിത്ര സംവിധായകരുടെ പാനലിലേക്കുള്ള അപേക്ഷ' എന്ന് രേഖപ്പെടുത്തിയിരിക്കണം. വിവരങ്ങൾക്ക്: www.kerala.gov.in, www.prd.kerala.gov.in.

# തിരുവനന്തപുരത്ത് മതിൽ ഇടിഞ്ഞുവീണ് അപകടം: നാല് പേർക്ക് പരിക്ക്

തിരുവനന്തപുരം: പള്ളിച്ചൽ വെടിവച്ചാം കോവിലിന് സമീപം അയണിമൂട്ടിൽ മതിൽ ഇടിഞ്ഞുവീണ് അപകടം. അപകടത്തിൽ നാല് പേർക്ക് പരിക്കേറ്റു. പള്ളിച്ചൽ പഞ്ചായത്തിലെ തൊഴിലുറപ്പ് തൊഴിലാളികളായ ശശി, മധുസൂദനൻ, മുരുകൻ, സുനിത എന്നിവർക്കാണ് പരിക്കേറ്റത്. തൊഴിലുറപ്പ് ജോലിക്കിടെ അയണിമൂട്ടിൽ വെച്ച് മതിൽ ഇടിഞ്ഞുവീഴുകയായിരുന്നു. പരിക്കേറ്റ നാല് പേരെയും ഉടൻ തന്നെ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

# എസ്എംഎ മരുന്ന് വിവാദം: പാവപ്പെട്ട കുട്ടികൾക്ക് മരുന്ന് വില കുറച്ച് വിറ്റതിൽ എന്താണ് കുഴപ്പമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ഇന്ത്യൻ നിർമിത എസ്എംഎ മരുന്ന് വിൽപനയിൽ പ്രതിപക്ഷ ആരോപണം തള്ളിയും ആരോഗ്യ വകുപ്പിനെ പ്രശംസിച്ചും മുഖ്യമന്ത്രി വി. ഡി. സതീശൻ. പാവപ്പെട്ട കുട്ടികൾക്ക് മരുന്ന് വിലകുറച്ച് വിറ്റതിന് എന്താ കുഴപ്പമെന്നും മുഖ്യമന്ത്രി നിയമസഭയിൽ ചോദിച്ചു. 12 ദിവസത്തെ മരുന്ന് ആറരലക്ഷം 15000 രൂപയായതാണോ പ്രതിപക്ഷത്തിന് കുഴപ്പമെന്ന് ചോദിച്ച മുഖ്യമന്ത്രി, ഈ വിഷയത്തിൽ ആരോഗ്യ മന്ത്രിയെയും വകുപ്പിനേയും അഭിനന്ദിക്കുന്നുവെന്നും കൂട്ടിച്ചേർത്തു. കഴിഞ്ഞ സർക്കാരിൻറെ കാലത്ത് മരുന്ന് വാങ്ങിയതിൽ 50 കോടി ഇനിയും കൊടുക്കാനുണ്ടെന്ന് ആരോഗ്യമന്ത്രി കെ. മുരളീധരൻ സഭയിൽ പറഞ്ഞു. എസ്എംഎ മരുന്ന് വിലകുറച്ച് തന്നെ നൽകും. മന്ത്രിയായപ്പോ മരുമകളെ കുക്കായി വയ്ക്കുന്ന ശീലമൊന്നും ഇല്ലെന്ന് ആരോഗ്യമന്ത്രി സഭയിൽ വിമർശിച്ചു.

# പുരപ്പുറ സൗരോർജ പദ്ധതി: നെറ്റ് മീറ്റർ ടെസ്റ്റ് ചെയ്യാൻ സൗകര്യം

പുരപ്പുറ സൗരോർജ നിലയങ്ങൾ ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിനുള്ള നെറ്റ് മീറ്ററുകൾ ഓൺലൈനായോ/ വെൻഡറിൽ നിന്നോ വാങ്ങി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയിലോ ജില്ല ലാബുകളിലോ ടെസ്റ്റ് ചെയ്യാൻ സൗകര്യം. സിംഗിൾ ഫേസിന് 665 രൂപയും ത്രീ ഫേസിന് 1,105 രൂപയുമാണ് ഫീസ്. ടെസ്റ്റ് റിപ്പോർട്ട് സഹിതം കെ എസ് ഇ ബി ലിമിറ്റഡിന് കീഴിലുള്ള സെക്ഷൻ ഓഫിസുകളിൽ നൽകി പുരപ്പുറ സൗരോർജ നിലയങ്ങൾ ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിലൂടെ മീറ്റർ വാടക ഒഴിവാകുമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു.

# ആറ്റിങ്ങലിൽ വിജിലൻസ് സിഐ വീട്ടിനുള്ളിൽ മരിച്ച നിലയിൽ

തിരുവനന്തപുരം: ആറ്റിങ്ങലിൽ വിജിലൻസ് സിഐ ബിനീഷ് ലാലിനെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. ഊരുപൊയ്കയിലെ വീട്ടിൽ ആണ് സംഭവം. കുടുംബപ്രശ്നങ്ങളാണ് മരണത്തിലേക്കു നയിച്ചതെന്നാണ് പ്രാഥമിക വിവരം. കഴിഞ്ഞ ദിവസം രാത്രി മദ്യപിച്ച് വീട്ടിലെത്തിയ ബിനീഷ് ഭാര്യയുമായി വഴക്കുണ്ടാക്കിയിരുന്നുവെന്നും പിന്നാലെ ഇന്ന് മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു എന്നുമാണ് പ്രാഥമിക വിവരം.സംഭവത്തിൽ ആറ്റിങ്ങൽ പൊലിസ് കേസെടുത്തു. ആറ്റിങ്ങൽ മജിസ്ട്രേട്ട് കോടതിയിലെ സ്റ്റാഫായ ദിവ്യയാണ് ഭാര്യ. രണ്ട് മക്കളുണ്ട്.

# സിവിൽ സർവീസ് ഫീസ് റീ ഇംബേഴ്സ്മെന്റ് സ്കോളർഷിപ്പ്

കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ റിസർച്ച് പൊന്നാനി, യൂണിവേഴ്സിറ്റികളുടെ പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പഠിക്കുന്ന അർഹരായ ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർഥികളിൽനിന്നും (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) ന്യൂനപക്ഷ ക്ഷേമ വകുപ്പ് സിവിൽ സർവീസ് ഫീസ്-റീ ഇംബേഴ്സ്മെന്റ് സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു.

2026-27 സാമ്പത്തിക വർഷം - സിവിൽ സർവീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർഥികൾക്ക് പരിശീലനത്തിന് ചെലവാകുന്ന കോഴ്സ് ഫീസും (പരമാവധി 20,000 രൂപ), ഹോസ്റ്റൽ ഫീസും (പരമാവധി 10,000 രൂപ) തിരികെ ലഭിക്കുന്ന പദ്ധതിയാണിത്.

വിദ്യാർഥി പഠിക്കുന്ന സ്ഥാപനം നേരിട്ടു നടത്തുന്ന ഹോസ്റ്റലുകളിലും സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ നിന്ന് പഠിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിന് അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം എട്ടുലക്ഷം രൂപയിൽ കവിയരുത്.

ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് മുൻഗണന.

ww.mwdscholarship.kerala.gov.in ലൂടെ നവംബർ 30വരെ അപേക്ഷിക്കാം. രേഖകൾ അപ്‌ലോഡ് ചെയ്ത് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കണം. വിവരങ്ങൾക്ക്: 0471-2300523, 0471-2300524.

# ഇംഗ്ലീഷ് പ്രീമിയർ ലീഗ്: ലിവർപൂളിന് തകർപ്പൻ ജയം

ലിവർപൂൾ: ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഫുട്ബോളിൽ ലിവർപൂൾ എഫ്സിക്ക് തകർപ്പൻ ജയം. ഞായറാഴ്ച നടന്ന മത്സരത്തിൽ ബ്രൈറ്റണെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് തോൽപ്പിച്ചു. ലിവർപൂളിന് വേണ്ടി അലക്സാണ്ടർ ഐസക്ക് ഒരു ഗോൾ നേടി. ബ്രൈറ്റൺ താരം പാസ്കൽ ഗ്രോബിൻറെ ഓൺ ഗോളാണ് ലിവർപൂളിൻറെ രണ്ടാം ഗോൾ. വിജയത്തോടെ ലിവർപൂളിന് 15 പോയിൻറായി.

# കേരള ബറ്റാലിയൻ എൻ.സി.സി.യിൽ ഓപ്പൺ ക്വാട്ട പ്രവേശനം

തിരുവനന്തപുരം തിരുമല 2 കേരള ബറ്റാലിയൻ എൻ.സി.സി.യിൽ ഒന്നാം വർഷ ബിരുദ/ പ്ലസ് വൺ/ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നതുമായ കേഡറ്റുകളുടെ ഒഴിവുകളിലേയ്ക്ക് ഓപ്പൺ ക്വാട്ട പ്രവേശനം നൽകും. 15 വയസ്സ് പൂർത്തിയായ ശാരീരിക ക്ഷമതയുള്ള വിദ്യാർഥികൾ ജനനതീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും എൻ.സി.സി. സർട്ടിഫിക്കറ്റുണ്ടെങ്കിൽ ആയതിന്റെ അസ്സലും പകർപ്പും ഉൾപ്പെടെ കൊടുങ്ങാനൂർ ഭാരതീയ വിദ്യാഭവൻ സ്കൂൾ ഗ്രൗണ്ടിൽ ഒക്ടോബർ 28 രാവിലെ എട്ടിന് ഹാജരാകണം. ഫോൺ നം: 0471 2353494.

# തൊഴിലധിഷ്ഠിത കോഴ്സുകൾ

കെൽട്രോണിൽ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡാറ്റാ സയൻസ് ആൻഡ് എ.ഐ., മൊബൈൽ ഫോൺ ടെക്നോളജി, ഹാർഡ്‌വെയർ ആന്റ് നെറ്റ്‌വർക്ക് മെയിന്റനൻസ് കോഴ്സുകളിൽ പ്രവേശനം ആരംഭിച്ചു. ഫോൺ: 0471-2337450,

# തകർന്ന കണ്ണാടി ചില്ലുകൾക്കുള്ളിൽ മൂന്ന് മുഖഭാവങ്ങളുമായി ജയസൂര്യ. മായൻ ടീസർ ഉടൻ എത്തുന്നു.

ജയസൂര്യയെ നായകനാക്കി ജിതിൻ കെ. ജോസ് സംവിധാനം ചെയ്യുന്ന മിസ്റ്ററി ത്രില്ലർ ചിത്രം 'മായൻ ചാപ്റ്റർ 1'ന്റെ പുതിയ പോസ്റ്റർ സോഷ്യൽ മീഡിയയിൽ ശ്രദ്ധ നേടുന്നു. ചിത്രത്തിന്റെ ടീസർ ഉടൻ പുറത്തുവിടുമെന്ന പ്രഖ്യാപനവും പോസ്റ്ററിനൊപ്പമുണ്ട്. മാജിക് മൂൺ പ്രൊഡക്ഷൻസിന്റെ ബാനറിൽ രാജീവ് ഗോവിന്ദൻ നിർമ്മിക്കുന്ന ചിത്രം ഡിസംബർ 3ന് ആഗോള റിലീസായി തിയേറ്ററുകളിലെത്തും. 'ബിയോണ്ട് ദ ഷാഡോസ്' എന്ന ടാഗ്ലൈനോടെ എത്തുന്ന ചിത്രത്തിൽ പോലീസ് ഓഫീസറുടെ വേഷത്തിലാണ് ജയസൂര്യ പ്രത്യക്ഷപ്പെടുന്നത്. ചിത്രീകരണം പൂർത്തിയാക്കിയ സിനിമയുടെ പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.

പുതിയ പോസ്റ്ററിലും പോലീസ് യൂണിഫോമിലുള്ള ജയസൂര്യയുടെ കഥാപാത്രത്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. ഇരുണ്ട പശ്ചാത്തലവും തകർന്ന കണ്ണാടി ചില്ലുകൾക്കുള്ളിലെ കഥാപാത്രത്തിന്റെ മൂന്ന് മുഖ ഭാവങ്ങളും ചിത്രത്തിന്റെ നിഗൂഢമായ അന്തരീക്ഷത്തിലേക്ക് സൂചന നൽകുന്നു. ടീസർ ഉടൻ എത്തുമെന്ന പ്രഖ്യാപനം കൂടി വന്നതോടെ സിനിമയുടെ പ്രമേയത്തെക്കുറിച്ചും ജയസൂര്യ അവതരിപ്പിക്കുന്ന കഥാപാത്രത്തെക്കുറിച്ചുമുള്ള ആകാംക്ഷ വർധിച്ചിരിക്കുകയാണ്. നേരത്തെ പുറത്തുവന്ന ടൈറ്റിൽ വീഡിയോയും ചിത്രത്തിന്റെ വ്യത്യസ്തമായ കഥാലോകത്തെക്കുറിച്ച് പ്രേക്ഷകർക്കിടയിൽ ചർച്ചകൾക്ക് വഴിയൊരുക്കിയിരുന്നു.

'കളങ്കാവൽ' എന്ന ചിത്രത്തിന് ശേഷം ജിതിൻ കെ. ജോസ് സംവിധാനം ചെയ്യുന്ന സിനിമയെന്ന പ്രത്യേകതയും 'മായൻ ചാപ്റ്റർ 1'നുണ്ട്. 'ഓർഡിനറി', 'അനാർക്കലി' തുടങ്ങിയ വിജയചിത്രങ്ങൾ നിർമ്മിച്ച രാജീവ് ഗോവിന്ദൻ മാജിക് മൂൺ പ്രൊഡക്ഷൻസിന്റെ ബാനറിൽ ഒരുക്കുന്ന മൂന്നാമത്തെ ചിത്രമാണിത്. റാഫിയും ജിതിൻ കെ. ജോസും ചേർന്നാണ് തിരക്കഥ ഒരുക്കുന്നത്. നൈല ഉഷയാണ് ചിത്രത്തിലെ നായിക. വിജയ് ബാബു, ഐശ്വര്യ രാജ്, ജിബിൻ ഗോപിനാഥ് എന്നിവരും പ്രധാന കഥാപാത്രങ്ങളായി എത്തുന്നു.

രാജ്യാതിർത്തികൾ കടന്നുപോകുന്ന നിഗൂഢതകളുടെ ലോകമാണ് ചിത്രം അവതരിപ്പിക്കുന്നതെന്നാണ് ഇതുവരെ പുറത്തുവന്ന സൂചനകൾ. നൂറ്റാണ്ടുകൾ പഴക്കമുള്ള രഹസ്യ ആചാരങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന ശക്തികളും തമ്മിലുള്ള ബന്ധം കഥയുടെ പശ്ചാത്തലമാകുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധ നേടിയിട്ടുണ്ട്. കേരളത്തിലെ ചില പുരാതന ക്രിസ്തീയ കുടുംബങ്ങളുമായി ബന്ധപ്പെടുത്തി പറയപ്പെടുന്ന 'കറുത്തച്ചനൂട്ട്' എന്ന ദുർമന്ത്രവാദ രീതിയും ചിത്രത്തിന്റെ പ്രമേയവുമായി ബന്ധപ്പെട്ടിരിക്കാമെന്ന ചർച്ചകളുണ്ട്. എന്നാൽ ഇതുസംബന്ധിച്ച ഔദ്യോഗിക വിശദാംശങ്ങൾ പുറത്തുവന്നിട്ടില്ല. നിഗൂഢതയും ആഗോള പശ്ചാത്തലവും സമന്വയിപ്പിക്കുന്ന മിസ്റ്ററി ത്രില്ലറായിരിക്കും ചിത്രമെന്ന പ്രതീക്ഷയിലാണ് പ്രേക്ഷകർ. ടീസർ എത്തുന്നതോടെ സിനിമയുടെ കഥാലോകത്തെക്കുറിച്ച് കൂടുതൽ സൂചനകൾ ലഭിക്കുമെന്ന പ്രതീക്ഷയിലാണ് ആരാധകരും സിനിമാ പ്രേമികളും.

ഛായാഗ്രഹണം - ഫൈസൽ അലി, സംഗീതം - മുജീബ് മജീദ്, എഡിറ്റിംഗ് - പ്രവീൺ പ്രഭാകർ, പ്രൊഡക്ഷൻ കൺട്രോളർ - ദീപക് പരമേശ്വരൻ, പ്രൊഡക്ഷൻ ഡിസൈനർ - സുനിൽ ദാസ്, ലൈൻ പ്രൊഡ്യൂസർ - രോഹിത് ആർ നായർ, കോസ്റ്റ്യൂം - സമീറ സനീഷ്, മേക്കപ്പ് - അമൽ ചന്ദ്രൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ - ബോസ് വി, വരികൾ - രാജീവ് ഗോവിന്ദൻ, ജിതിൻ കെ ജോസ്, കോ - റൈറ്റർ - ശ്രീഖിൽ ശ്രീനിവാസൻ, പിആർഒ- വൈശാഖ് സി വടക്കേവീട്, ജിനു അനിൽ കുമാർ, വിപിൻ കുമാർ വി, സ്റ്റിൽസ് - സിനത് സേവ്യർ, പ്രോജക്ട് ഡിസൈനർ - ആന്റണി സ്റ്റീഫൻ.

# കാർ കലുങ്കിലിടിച്ച് മറിഞ്ഞ് തീപിടിച്ചു; നാല് യുവാക്കൾ വെന്തുമരിച്ചു

ഭോപ്പാൽ: മധ്യപ്രദേശിലെ ധാറിൽ കാർ കലുങ്കിലിടിച്ച് മറിഞ്ഞ് തീപിടിച്ച് നാല് യുവാക്കൾ വെന്തുമരിച്ചു. വാഹനത്തിൽ നിന്ന് തെറിച്ചുപോയ ഒരാൾ ഗുരുതര പരിക്കുകളോടെ ചികിത്സയിലാണ്. ലെബദ് - നയാഗാവ് നാലുവരിപ്പാതയിൽ ഞായറാഴ്ച രാത്രി അപകടം സംഭവിച്ചത്.

സഗൂർ സ്വദേശികളായ അഞ്ച് സുഹൃത്തുക്കൾ ക്ഷേത്രദർശനം കഴിഞ്ഞ് കാറിൽ മടങ്ങിവരുമ്പോഴാണ് അപകടമുണ്ടായതെന്ന് പൊലിസ് വ്യക്തമാക്കി. അപകടത്തിൽ ഭീം ധക്കഡ് (24), ആദിത്യ തിവാരി (22), ചേതൻ ധക്കഡ് (21), അഭിഷേക് സോളങ്കി (19) എന്നിവരാണ് മരിച്ചത്. ഗുരുതരമായി പരിക്കേറ്റ തുഷാർ മണ്ട്ലോയി (20) എന്ന യുവാവ് ആശുപത്രിയിൽ ചികിത്സയിലാണ്.

യാത്രയ്ക്കിടെ കാറിൻറെ ടയർ പൊട്ടിത്തെറിച്ചതിനെത്തുടർന്ന് നിയന്ത്രണം നഷ്ടപ്പെട്ട വാഹനം റോഡരികിലെ കലുങ്കിൽ ഇടിച്ചു മറിയുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ വാഹനത്തിനു തീപിടിച്ചു. കാർ മറിഞ്ഞപ്പോൾ മുൻപിൽ ഇരുന്ന തുഷാർ പുറത്തേക്ക് തെറിച്ചുപോയതിനാൽ രക്ഷപ്പെടുകയായിരുന്നു. എന്നാൽ കാറിനുള്ളിലുണ്ടായിരുന്ന മറ്റുള്ളവർക്ക് പുറത്തിറങ്ങാൻ സാധിക്കാത്ത വിധം വാഹനം കത്തുകയായിരുന്നു. അതുവഴി എത്തിയ മറ്റു വാഹനങ്ങളിലെ യാത്രികരാണ് അപകട വിവരം പൊലിസിനെ അറിയിച്ചത്. ഉടൻ തന്നെ പൊലിസും ഫയർഫോഴ്സും സ്ഥലത്തെത്തി തീയണക്കാൻ ശ്രമിച്ചെങ്കിലും കാറും ഉള്ളിലുണ്ടായിരുന്നവരും പൂർണ്ണമായി കത്തിക്കരിഞ്ഞിരുന്നു. മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റി. സംഭവത്തിൽ പൊലിസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# ബൈക്കുകൾ കൂട്ടിയിടിച്ച് തീപിടിച്ചു; രണ്ടുപേർ വെന്തുമരിച്ചു

ചെന്നൈ: തമിഴ്നാട്ടിലെ കൃഷ്ണഗിരിയിൽ രണ്ട് ബൈക്കുകൾ കൂട്ടിയിടിച്ചുണ്ടായ തീപിടിത്തത്തിൽ രണ്ടുപേർ വെന്തുമരിച്ചു. രണ്ടുപേർക്ക് ഗുരുതരമായി പരിക്കേറ്റു. കൃഷ്ണഗിരിയിലെ ഉത്തങ്കരൈയിൽ തിങ്കളാഴ്ച രാവിലെ 7: 45 -നാണ് അപകടം ഉണ്ടായത്.

കൃഷ്ണഗിരിയിൽ നിന്ന് തിരുവണ്ണാമലയിലേക്ക് പോവുകയായിരുന്ന ബൈക്കും എതിർദിശയിൽ വന്ന ബൈക്കും തമ്മിൽ കൂട്ടിയിടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ വാഹനങ്ങളിലൊന്നിൻറെ പെട്രോൾ ടാങ്ക് പൊട്ടിത്തെറിക്കുകയും തീ പടർന്നുപിടിച്ച് രണ്ട് ബൈക്കുകളും യാത്രികരും കത്തുകയായിരുന്നു. അപകടസ്ഥലത്തുവച്ചുതന്നെ രണ്ടുപേർ മരിച്ചതായി പൊലിസ് വ്യക്തമാക്കി. പരിക്കേറ്റവർ മറ്റ് രണ്ടുപേർ ആശുപത്രിയിൽ ചികിത്സയിലാണ്.

പൊലിസ് ഉടൻതന്നെ സ്ഥലത്തെത്തി മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റി. സംഭവത്തിൽ കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

അപകടത്തിൽപ്പെട്ട ഒരു ബൈക്കിൻറെ രജിസ്ട്രേഷൻ നമ്പർ തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാൽ മറ്റൊരു ബൈക്ക് പൂർണമായി കത്തിനശിച്ചതിനാൽ അതിൻറെ നമ്പർ കണ്ടെത്താൻ സാധിച്ചിട്ടില്ല. തീപിടുത്തത്തിൽ മരിച്ചവരുടെ വിവരങ്ങളും കണ്ടെത്തിയിട്ടില്ല.

# കേരള പിഎസ്സി ചെയർമാൻ എം. ആർ. ബൈജുവിനെ ക്രൈംബ്രാഞ്ച് ചോദ്യം ചെയ്യും

തിരുവനന്തപുരം: പരീക്ഷാത്തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് പിഎസ്സി ചെയർമാൻ ഡോ. എം. ആർ. ബൈജുവിനെ ക്രൈംബ്രാഞ്ച് ചോദ്യം ചെയ്യും. ബുധനാഴ്ച രാവിലെ 11 മണിക്ക് ക്രൈംബ്രാഞ്ച് ആസ്ഥാനത്ത് ഹാജരാകാൻ ആവശ്യപ്പെട്ട് അന്വേഷണ സംഘം അദ്ദേഹത്തിന് നോട്ടീസ് നൽകി. ഐ. ജി അജിത ബീഗത്തിൻറെ നേതൃത്വത്തിലുള്ള അന്വേഷണ സംഘമാണ് പിഎസ്സി ചെയർമാന് നോട്ടീസ് നൽകിയത്. ഔദ്യോഗിക ഇമെയിൽ വഴിയാണ് നോട്ടീസ് കൈമാറിയത്. ചെയർമാന് പുറമേ കമ്മീഷൻ അംഗങ്ങളായ സൈഫ്, ശ്രീകുമാർ എന്നിവരോടും ഇന്ന് ഉച്ചയ്ക്ക് 2: 30-ന് ക്രൈംബ്രാഞ്ച് ആസ്ഥാനത്ത് ഹാജരാകാൻ ആവശ്യപ്പെട്ടിട്ടുണ്ട്നാളെയും മറ്റ് രണ്ട് അംഗങ്ങൾക്ക് ചോദ്യം ചെയ്യലിനായി നോട്ടീസ് നൽകിയിട്ടുണ്ട്. ഹൈക്കോടതിയിൽ നിന്ന് മുൻപ് കടുത്ത വിമർശനങ്ങളും തിരിച്ചടികളും നേരിട്ട ഈ കേസിൽ, അന്വേഷണവുമായി സഹകരിക്കാൻ പിഎസ്സി യോഗം തീരുമാനിച്ചതിന് പിന്നാലെയാണ് ക്രൈംബ്രാഞ്ചിൻറെ ഈ നിർണായക നീക്കം.

# ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ്

വിദേശത്ത് മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർഥികളിൽ നിന്നും സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലും, സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളജുകളിലും ക്ലിനിക്കൽ ക്ലർക്ക്ഷിപ്പും തുടർന്ന് ഇന്റേൺഷിപ്പും ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ ക്ലിനിക്കൽ ക്ലർക്ക്ഷിപ്പിനും തുടർന്ന് ഇന്റേൺഷിപ്പിനും അനുമതി നേടിയിട്ടുള്ള വിദ്യാർഥികൾക്ക് അപേക്ഷിക്കാം. വിവരങ്ങൾക്ക : www.dme.kerala.gov.in, fmginternkerala@gmail.com.

# നടൻ ടൈഗർ ഷ്രോഫിന് നേരെ വെടിവെപ്പ്: 22-കാരനായ എഞ്ചിനീയറിംഗ് ബിരുദധാരി മധ്യപ്രദേശിൽ അറസ്റ്റിൽ

ഇൻഡോർ: ബോളിവുഡ് താരം ടൈഗർ ഷ്രോഫിൻറെ വാഹനത്തിന് നേരെ മുംബൈ ജൂഹുവിൽ വെച്ച് നടന്ന വെടിവെപ്പുമായി ബന്ധപ്പെട്ട് നിർണായക വിവരങ്ങൾ പുറത്ത്. ആക്രമണം സംഘടിപ്പിക്കുകയും ഷൂട്ടർമാർക്ക് തോക്ക് എത്തിച്ചു നൽകുകയും ചെയ്ത 22-കാരനായ എഞ്ചിനീയർ പ്രാഞ്ചൽ ഠാക്റാലിനെ മധ്യപ്രദേശിലെ ഇൻഡോറിൽ നിന്ന് മുംബൈ ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തു.

വിദേശത്ത് ഒളിവിൽ കഴിയുന്ന ലോറൻസ് ബിഷ്ണോയ് സംഘത്തിലെ പ്രമുഖനായ അനിൽ പണ്ഡിറ്റിൻറെ നിർദേശപ്രകാരമാണ് പ്രാഞ്ചൽ ആക്രമണം ആസൂത്രണം ചെയ്തത്. എഞ്ചിനീയറിംഗ് ഡിപ്ലോമക്കാരനായ പ്രാഞ്ചൽ ഠാക്റാൾ, പാനിപ്പത്തിൽ ഒരു വ്യവസായിയെ ആക്രമിച്ച കേസിൽ ജയിലിലാവുകയും ഈ വർഷം മാർച്ച് മാസത്തിൽ ജാമ്യത്തിൽ ഇറങ്ങുകയുമായിരുന്നു. ജാമ്യത്തിലിറങ്ങിയ ഉടൻ തന്നെ ഇയാൾ അനിൽ പണ്ഡിറ്റുമായി ചേർന്ന് ടൈഗർ ഷ്രോഫിനെതിരെയുള്ള പദ്ധതി തയ്യാറാക്കി.

പോലീസിൻറെ കണ്ണ് വെട്ടിക്കാൻ എൻക്രിപ്റ്റഡ് ആപ്പ് വഴിയാണ് ഇരുവരും ബന്ധപ്പെട്ടിരുന്നത്. പ്രാഞ്ചലിൻറെ ഫോൺ സന്ദേശങ്ങളും സാമ്പത്തിക ഇടപാടുകളും പരിശോധിക്കുന്നതിലൂടെ അനിൽ പണ്ഡിറ്റിൻറെ അന്താരാഷ്ട്ര ശൃംഖലയെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുമെന്നാണ് അന്വേഷണ സംഘത്തിൻറെ നിഗമനം. ഒക്ടോബർ 18-ന് വൈകുന്നേരം ജൂഹുവിലെ പുഷ്പ നാർസി പാർക്കിൽ വെച്ച് ഫുട്ബോൾ കളി കഴിഞ്ഞ് മടങ്ങുകയായിരുന്ന ടൈഗർ ഷ്രോഫിൻറെ കാറിന് നേരെ രണ്ട് പേർ വെടിയുതിർക്കുകയായിരുന്നു. സംഭവത്തിന് ശേഷം രാജസ്ഥാനിലെ കോട്ടയിൽ വെച്ച് മൂന്ന് ഷൂട്ടർമാരെ പൊലിസ് പിടികൂടിയിരുന്നു.

കനത്ത സുരക്ഷ കാരണം മറ്റൊരു പ്രമുഖനെ ലക്ഷ്യമിട്ടത് മാറ്റിയാണ് ടൈഗർ ഷ്രോഫിന് നേരെ ആക്രമണം നടത്തിയതെന്ന് പൊലിസ് വ്യക്താമാക്കി. കോടതിയിൽ ഹാജരാക്കിയ പ്രതി പ്രാഞ്ചൽ ഠാക്റാലിനെ ഒക്ടോബർ 31 വരെ പൊലിസ് കസ്റ്റഡിയിൽ വിട്ടു.

# യുകെയിൽ കൊടുങ്കാറ്റ്: മരം വീണ് രണ്ട് പേർ മരിച്ചു; വീടുകളിൽ വൈദ്യുതി മുടങ്ങി

ലണ്ടൻ: യുകെയിൽ ആഞ്ഞടിക്കുന്ന ബൊയേലോ കൊടുങ്കാറ്റിൽ മരംവീണ് രണ്ട് പേർ മരിച്ചു. വടക്കൻ ലണ്ടനിലും സ്കോട്ട്ലൻഡിലുമാണ് അപകടങ്ങളുണ്ടായത്. കനത്ത മഴയിലും കാറ്റിലും രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ വ്യാപക നാശനഷ്ടമുണ്ടായി.

വടക്കൻ ലണ്ടനിൽ ഓടിക്കൊണ്ടിരുന്ന കാറിന് മുകളിലേക്ക് മരം ഒടിഞ്ഞുവീണാണ് ഒരു യുവാവ് മരിച്ചത്. സംഭവസ്ഥലത്ത് വച്ച് തന്നെ യുവാവ് മരിച്ചതായി പൊലിസ് സ്ഥിരീകരിച്ചു. ഇതിന് മണിക്കൂറുകൾക്ക് മുമ്പ് സ്കോട്ട്ലൻഡിലെ ഡൺഫ്രീസ് ആൻഡ് ഗാലോവേയിൽ മരം വീണ് മറ്റൊരാളും കൊല്ലപ്പെട്ടിരുന്നു. കൂടാതെ അബർഫെൽഡിയിൽ മരം വീണ് പരിക്കേറ്റ രണ്ട് സ്ത്രീകളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കൊടുങ്കാറ്റിനെ തുടർന്ന് യുകെയിൽ 90, 000-ത്തിലധികം വീടുകളിലെ വൈദ്യുതി ബന്ധം നിലച്ചു. അപകടാവസ്ഥ തുടരുന്നതിനാൽ സുരക്ഷ മുൻനിർത്തി ജീവനക്കാർക്ക് ഉടൻ തന്നെ അറ്റകുറ്റപ്പണികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്ന് എനർജി നെറ്റ്വർക്ക്സ് അസോസിയേഷൻ അറിയിച്ചു. ബൊയേലോ കൊടുങ്കാറ്റിന് പുറമെ വെള്ളിയാഴ്ച ആഞ്ഞടിച്ച ഓസ്റ്റിൻ കൊടുങ്കാറ്റും ഉൾപ്പെടെ രാജ്യത്തുടനീളം 8.3 ലക്ഷത്തിലധികം വീടുകളെയാണ് വൈദ്യുതി മുടക്കം ബാധിച്ചത്. ആളുകൾ വീടുകളിൽ തന്നെ തുടരണമെന്നും കെട്ടിടങ്ങൾക്കും മരങ്ങൾക്കും സമീപം നിൽക്കരുതെന്നും അധികൃതർ മുന്നറിയിപ്പ് നൽകി.

# തിരിച്ചുകയറ്റം തുടരുന്നു; സ്വർണവില 1.05 ലക്ഷത്തിൽ താഴെത്തന്നെ

കൊച്ചി: സംസ്ഥാനത്ത് രണ്ടാംദിനവും മുകളിലേക്കുയർന്ന് സ്വർണവില. 22 കാരറ്റ് സ്വർണവില ഗ്രാമിന് 15 രൂപയും പവന് 120 രൂപയുമാണ് കൂടിയത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 13,085 രൂപയിലും പവന് 1,04,680 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 10 രൂപ വർധിച്ച് 10, 705 രൂപയിലെത്തി. ഒരു വാരം നീണ്ട വൻവീഴ്ചകൾക്കുശേഷം ശനിയാഴ്ച സ്വർണവില നേരിയ തോതിൽ തിരിച്ചുകയറ്റം ആരംഭിച്ചിരുന്നു. ഗ്രാമിന് 10 രൂപയും പവന് 80 രൂപയുമാണ് ഉയർന്നത്. രാജ്യാന്തരവില സമീപകാലത്തെ ഏറ്റവും വലിയ തകർച്ചയെ നേരിട്ടപ്പോഴാണ് സംസ്ഥാനത്ത് സ്വർണം തിരിച്ചുകയറിയത്. ഒക്ടോബർ 11ന് കുറിച്ച പവന് 1,11,040 രൂപയെന്ന വിലയാണ് ഈ മാസത്തെ ഏറ്റവും ഉയർന്ന നിരക്ക്. അവിടെനിന്ന് ദിവസങ്ങൾക്കിടെ കുറഞ്ഞത് 6,500 രൂപയാണ്.

# കാർ നിയന്ത്രണംവിട്ട് തോട്ടിലേക്ക് മറിഞ്ഞു; യുവാവിന് ദാരുണാന്ത്യം

ആലപ്പുഴ: കൈനകരിയിൽ നിയന്ത്രണംവിട്ട കാർ തോട്ടിലേക്ക് മറിഞ്ഞ് യുവാവ് മരിച്ചു. കൈനകരി പഞ്ചായത്ത് ഒൻപതാം വാർഡ് തൊട്ടുവാത്തല ചാണാംപള്ളിയിൽ ഷിൻറു (27) ആണ് മരിച്ചത്. ഞായറാഴ്ച രാത്രി എട്ടോടെ വാർഡിലെ പൗവ്വത്ത് തോട്ടിലേക്കാണ് കാർ മറിഞ്ഞത്. ഒരു ബന്ധുവിനെ വീട്ടിൽ കൊണ്ടുവിട്ടശേഷം തിരികെ വരുമ്പോൾ പഞ്ചായത്ത് റോഡിൽനിന്ന് കാർ വെള്ളത്തിലേക്ക് പതിക്കുകയായിരുന്നു. വലിയ ശബ്ദം കേട്ട് ഓടിയെത്തിയ നാട്ടുകാർ ഏറെ പണിപ്പെട്ടാണ് കാർ തോട്ടിൽനിന്ന് ഉയർത്തിയത്. തോടിന് ആഴം കൂടുതലായിരുന്നത് രക്ഷാപ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. മൃതദേഹം ആലപ്പുഴ ജനറൽ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. അപകടവിവരമറിഞ്ഞ് സ്ഥലത്തെത്തിയ നെടുമുടി പൊലിസ് തുടർനടപടികൾ സ്വീകരിച്ചു. റിട്ടയേർഡ് സൈനിക ഉദ്യോഗസ്ഥൻ ജോഷിയാണ് ഷിൻറുവിൻറെ പിതാവ്. മാതാവ്: ഷിബി. ഭാര്യ: അഞ്ചിത. മകൾ: ഏഴുമാസം പ്രായമുള്ള മിൻഹ. സഹോദരൻ: ഷിദിൻ.

# ഖാർഗെയുടെ 'ബാപ്പ്' പരാമർശം: രാജ്യവ്യാപക പ്രതിഷേധവുമായി ബിജെപി

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ നടത്തിയ പരാമർശത്തിൽ പ്രതിഷേധിച്ച് ബിജെപി. ഖാർഗെ കോൺഗ്രസ് അധ്യക്ഷസ്ഥാനം രാജി വെക്കണമെന്നും മാപ്പ് പറയണമെന്നും ആവശ്യപ്പെട്ട് എല്ലാ സംസ്ഥാനങ്ങളിലെയും ബിജെപി ആസ്ഥാനങ്ങൾക്ക് മുന്നിൽ പ്രകടനങ്ങളും രാഹുൽ ഗാന്ധി, ഖാർഗെ എന്നിവരുടെ കോലം കത്തിക്കലും നടന്നു. പാറ്റ്നയിൽ നടന്ന ഒരു പരിപാടിക്കിടെ സദസിൽ നിന്നൊരാൾ 'മോദി എങ്ങോട്ടും പോകില്ല' എന്ന് വിളിച്ച് പറഞ്ഞപ്പോഴാണ് ഖാർഗെ രോഷാകുലനായി ഈ മറുപടി നൽകിയത്. ഖാർഗെയുടെ പ്രസ്താവന തന്നെ ഞെട്ടിച്ചുവെന്നും തീർത്തും നിരാശാജനകമാണെന്നും പ്രതിരോധ മന്ത്രി പറഞ്ഞു. ഒരു സാധാരണ പ്രവർത്തകനല്ല, രാജ്യത്തെ ഏറ്റവും പഴക്കം ചെന്ന പാർട്ടിയുടെ ദേശീയ അധ്യക്ഷനാണ് പ്രധാനമന്ത്രിയുടെ പിതാവിനെക്കുറിച്ച് മോശം പരാമർശം നടത്തിയതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.രാഹുൽ ഗാന്ധിയുടെ അപക്വമായ പെരുമാറ്റം പാർട്ടിയെ മൊത്തത്തിൽ ബാധിച്ചിരിക്കുകയാണെന്നും ജോഷി പരിഹസിച്ചു. മോശം കൂട്ടുകെട്ട് കാരണം കോൺഗ്രസിലെല്ലാവരും അസ്വസ്ഥരാണെന്നും സംസ്കാരം തകർക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഡൽഹി, ബെംഗളൂരു (ഫ്രീഡം പാർക്ക്), പാറ്റ്ന, ജമ്മു, കോൽക്കത്ത, മുംബൈ തുടങ്ങിയ പ്രധാന നഗരങ്ങളിലെല്ലാം ബിജെപി വൻ പ്രതിഷേധ മാർച്ചുകൾ സംഘടിപ്പിച്ചു. പ്രതിരോധിച്ച് പ്രതിപക്ഷം ഖാർഗെയുടെ പരാമർശത്തെ പ്രതിരോധിച്ച കോൺഗ്രസ്, ബിജെപി വിഷയമില്ലാത്ത കാര്യങ്ങൾ വിവാദമാക്കുകയാണെന്ന് ആരോപിച്ചു. മുൻപ് സോണിയാ ഗാന്ധിക്കും ഖാർഗെക്കുമെതിരെ ബിജെപി നേതാക്കൾ മോശം പരാമർശങ്ങൾ നടത്തിയപ്പോൾ കാണിക്കാത്ത രോഷമാണ് ഇപ്പോൾ ബിജെപി ഉയർത്തുന്നതെന്ന് ആർജെഡി എംപി മനോജ് ഝാ ചൂണ്ടിക്കാട്ടി. മോദിയും അമിത് ഷായും മുൻപ് നടത്തിയ പരാമർശങ്ങൾ ബിജെപി മറക്കരുതെന്നും സംസ്കാരം പഠിപ്പിക്കാൻ വരേണ്ടതില്ലെന്നും പ്രിയങ്ക് ഖാർഗെ മറുപടി നൽകി.

# പിതാവിനെ കൊലപ്പെടുത്തി മൃതദേഹം പെട്ടിയിലൊളിപ്പിച്ച യുവതിയും കാമുകനും അറസ്റ്റിൽ

ലക്നോ: ഉത്തർപ്രദേശിലെ ഇറ്റാവയിൽ പിതാവിനെ കൊലപ്പെടുത്തി മൃതദേഹം പെട്ടിയിൽ ഒളിപ്പിച്ച സംഭവത്തിൽ യുവതിയും കാമുകനും അറസ്റ്റിൽ. സുരക്ഷാ ജീവനക്കാരനായ ശ്യാം സുന്ദർ കത്തേരിയ (55) ആണ് കൊല്ലപ്പെട്ടത്. മകൾ പൂജയെയും കാമുകനെയുമാണ് പൊലിസ് അറസ്റ്റ് ചെയ്തത്. ഇറ്റാവയിലെ കാൻഷിറാമിൽ പൂട്ടിയിട്ട മുറിയിലാണ് മൃതദേഹം കണ്ടെത്തിയത്. മുറിയിൽ നിന്ന് ദുർഗന്ധം വമിച്ചതിനെ തുടർന്ന് അയൽവാസികളാണ് പൊലിസിൽ വിവരം അറിയിച്ചത്. പൊലിസ് സ്ഥലത്തെത്തി പൂട്ട് തകർത്ത് അകത്തു കയറിയപ്പോഴാണ് പോളിത്തീനിലും മൂന്ന് കമ്പിളികളിലും പൊതിഞ്ഞ് പെട്ടിയിലാക്കിയ നിലയിൽ അഴുകിയ മൃതദേഹം കണ്ടെത്തിയത്.

മൃതദേഹത്തിന് ദിവസങ്ങളുടെ പഴക്കമുണ്ടെന്ന് പൊലിസ് വ്യക്തമാക്കി. ശ്യാമിനൊപ്പം താമസിച്ചിരുന്ന പൂജയെ സംഭവത്തിനു ശേഷം കാണാതാവുകയും തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഇവരെയും കാമുകനെയും പിടികൂടുകയുമായിരുന്നു. പ്രണയബന്ധം ശ്യാം എതിർത്തതാണ് കൊലപാതകത്തിന് കാരണമെന്ന് പൊലിസ് പറഞ്ഞു. അഞ്ച് ദിവസങ്ങൾക്ക് മുമ്പാണ് ശ്യാം സുന്ദറുമായി അവസാനമായി സംസാരിച്ചതെന്ന് ഔറയ്യ ജില്ലയിൽ താമസിക്കുന്ന മൂത്ത മകൾ കാജൽ പറഞ്ഞു. വെള്ളി, ഞായർ ദിവസങ്ങളിൽ ഫോണിൽ വിളിച്ചെങ്കിലും സ്വിച്ച് ഓഫ് ആയിരുന്നു. തുടർന്ന് അയൽവാസികളാണ് ശ്യാമിൻറെ മൃതദേഹം കണ്ടെത്തിയ വിവരം അറിയിക്കുന്നത്. പൂജയുടെ പെരുമാറ്റത്തിൽ സംശയമുണ്ടായിരുന്നതായും വിവാഹത്തിന് മുമ്പ് തന്നെ ഇവർ ഒരാളുമായി ബന്ധത്തിലായിരുന്നുവെന്നും കാജൽ ആരോപിച്ചു. മാതാവ് ശശി ദേവി പത്തുവർഷമായി വേറെയാണ് താമസം. കാജൽ, പൂജ, കുശി എന്നിങ്ങനെ മൂന്ന് പെൺമക്കളാണ് ശ്യാം സുന്ദറിനുള്ളത്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് വന്നാൽ മാത്രമേ മരണകാരണത്തെക്കുറിച്ചുള്ള കൂടുതൽ വ്യക്തത ലഭിക്കൂ എന്ന് പൊലിസ് അറിയിച്ചു. സംഭവത്തിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

# അഭിമുഖം

കേരള മഹിള സമഖ്യ സൊസൈറ്റിയിൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ തസ്തികയിലേക്ക് അഭിമുഖം നടത്തും. ബിരുദാനന്തര ബിരുദം , സ്ത്രീകളുമായി ബന്ധപ്പെട്ട പ്രവർത്തനരംഗത്ത്/ നോൺ ഗവൺമെന്റ് ഓർഗനൈസേഷനിൽ 10 വർഷത്തെ പ്രവൃത്തി പരിചയം എന്നീ യോഗ്യതയുള്ള വനിതാ ഉദ്യോഗാർഥികൾ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം നവംബർ മൂന്ന് രാവിലെ 10ന് തിരുവനന്തപുരം കുഞ്ചാലുംമൂട് പ്രവർത്തിക്കുന്ന കേരള മഹിള സമഖ്യ സൊസൈറ്റിയുടെ സംസ്ഥാന ഓഫീസിൽ ഹാജരാകണം. പ്രായപരിധി 40-65 വയസ്. വിവരങ്ങൾക്ക്: സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, ടി. സി. 20/1652,കല്പന, കുഞ്ചാലുംമൂട്, കരമന പി. ഒ, തിരുവനന്തപുരം. ഫോൺ: 0471- 2348666,ഇ-മെയിൽ: keralasamakhya@gmail. com

# കാർ പാർക്കിംഗിനെച്ചൊല്ലി തർക്കം: മൂന്ന് പേരെ വെടിവച്ചു കൊന്നു; പ്രതി പിടിയിൽ

ലക്നോ: ഉത്തർപ്രദേശിലെ ലക്നോവിൽ കാർ പാർക്കിംഗിനെച്ചൊല്ലിയുണ്ടായ തർക്കത്തിനിടെ മൂന്ന് പേരെ വെടിവച്ചു കൊന്നു. ശിവജി തിവാരി (62), ശിവേന്ദ്ര തിവാരി (55), സുയാഷ് തിവാരി (30) എന്നിവരാണ് വെടിയേറ്റ് മരിച്ചത്. സംഭവത്തിൽ പ്രതിയായ റിഷഭ് ശുക്ല (30) എന്ന യുവാവിനെ പൊലിസ് സംഭവസ്ഥലത്തുവച്ചുതന്നെ അറസ്റ്റ് ചെയ്തു. തിങ്കളാഴ്ച രാവിലെ 10: 30-ഓടെയാണ് സംഭവം. അയൽവാസികളായ സേവ തിവാരിയുടെ കുടുംബവും റിഷഭ് ശുക്ലയുടെ കുടുംബവും തമ്മിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് വാഹനം പാർക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഏറെ നാളായി തർക്കം നിലനിന്നിരുന്നു. ഒഴിഞ്ഞ സ്ഥലത്ത് വാഹനം പാർക്ക് ചെയ്തത് ശിവജി, ശിവേന്ദ്ര, സുയാഷ് എന്നിവർ ചോദ്യം ചെയ്തതിനെത്തുടർന്നാണ് തർക്കം രൂക്ഷമായത്. വാക്കുതർക്കത്തിനിടെ പ്രകോപിതനായ റിഷഭ് ശുക്ല കൈയിലുണ്ടായിരുന്ന തോക്ക് ഉപയോഗിച്ച് മൂന്ന് പേർക്ക് നേരെ വെടിയുതിർക്കുകയായിരുന്നു.

ഗുരുതരമായി പരിക്കേറ്റ ഇവരെ ഉടൻതന്നെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഇതിൽ രണ്ട് പേർ സംഭവസ്ഥലത്ത് വച്ചും ഒരാൾ ആശുപത്രിയിൽ ചികിത്സയിലിരിക്കെയുമാണ് മരണമടഞ്ഞത്. കൊല്ലപ്പെട്ടവരിൽ രണ്ടുപേർ പിതാവും മകനുമാണെന്ന് പൊലിസ് സ്ഥിരീകരിച്ചു. വിവരമറിഞ്ഞ ഉടൻ തന്നെ പൊലിസ് സ്ഥലത്തെത്തി പ്രതിയായ റിഷഭ് ശുക്ലയെ പിടികൂടുകയായിരുന്നു. ഇയാളിൽ നിന്ന് തോക്കും കണ്ടെടുത്തു. കൊല്ലപ്പെട്ടവരുടെ കുടുംബത്തിൻറെ പരാതിയുടെ അടിസ്ഥാനത്തിൽ പൊലിസ് കേസെടുത്ത് തുടർനടപടികൾ സ്വീകരിച്ചിണ്ട്. സംഭവത്തിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഏഴ് പതിറ്റാണ്ടിനിടെ കേരളത്തിൽ കൂടുതൽ പ്രദേശങ്ങളിലേക്ക് ഉഷ്ണമേഖലാ മൺസൂൺ കാലാവസ്ഥാ മേഖല വ്യാപിച്ചു: ഐഎംഡി പഠനം

തിരുവനന്തപുരം: 1951 മുതൽ 2020 വരെയുള്ള കാലയളവിൽ ദക്ഷിണേന്ത്യയിൽ മഴ വർധിച്ചതോടെ കേരളം ഉൾപ്പെടെയുള്ള പടിഞ്ഞാറൻ തീരപ്രദേശങ്ങളിലേക്ക് രാജ്യത്തെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ഉഷ്ണമേഖലാ മൺസൂൺ കാലാവസ്ഥാ മേഖല വ്യാപിച്ചതായി ഇന്ത്യൻ കാലാവസ്ഥാ വകുപ്പും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മീറ്റിയറോളജിയിലെ ശാസ്ത്രജ്ഞരും നടത്തിയ പഠനം വ്യക്തമാക്കുന്നു. തുടർച്ചയായ 30 വർഷത്തെ കാലയളവുകളിലെ താപനിലയും മഴയും വിശകലനം ചെയ്താണ് ഈ കണ്ടെത്തൽ. കാലാവസ്ഥാ മേഖലകളിലെ മാറ്റങ്ങൾ കൃഷിയെയും വിളകൾ വിതയ്ക്കേണ്ട സമയത്തെയും ബാധിക്കുമെന്നതിനാൽ ദീർഘകാല കാർഷിക ആസൂത്രണത്തിൽ ഇവ പരിഗണിക്കണമെന്നും പഠനം നിർദേശിക്കുന്നു.

ദീർഘകാലാടിസ്ഥാനത്തിൽ മഴ വർധിച്ചിട്ടുണ്ടെങ്കിലും എൽ നിനോ പ്രതിഭാസത്തിന്റെ സ്വാധീനത്തിൽ ഇത്തവണ കേരളത്തിൽ തെക്കുപടിഞ്ഞാറൻ മൺസൂൺ മഴ 28 ശതമാനം കുറഞ്ഞു. ജൂൺ മുതൽ സെപ്റ്റംബർ വരെ 1,446.5 മില്ലിമീറ്റർ മഴയാണ് ലഭിച്ചത്; സാധാരണ ലഭിക്കേണ്ടത് 2,018.6 മില്ലിമീറ്ററാണ്. 1901–നുശേഷം കേരളത്തിൽ രേഖപ്പെടുത്തിയ ഏറ്റവും കുറഞ്ഞ മഴ ലഭിച്ച ഏഴാമത്തെ തെക്കുപടിഞ്ഞാറൻ മൺസൂൺ കാലമാണിത്. വയനാട്ടിൽ 53 ശതമാനവും ഇടുക്കിയിൽ 47 ശതമാനവും മഴ കുറഞ്ഞപ്പോൾ ആറ് ജില്ലകളിൽ മഴ സാധാരണ പരിധിക്കുള്ളിലായിരുന്നു.

ദീർഘകാല മഴയുടെ പ്രവണതകൾക്കൊപ്പം ഓരോ മൺസൂൺ കാലത്തെയും വ്യതിയാനങ്ങളും പരിഗണിക്കേണ്ടതിന്റെ പ്രാധാന്യം പഠനം വ്യക്തമാക്കുന്നു. കാലാവസ്ഥാ മേഖലകളിലെ മാറ്റങ്ങൾ ജലവിഭവ പരിപാലനത്തെയും കാർഷിക ആസൂത്രണത്തെയും സ്വാധീനിക്കുമെന്ന് പഠനത്തിന് നേതൃത്വം നൽകിയ ഐഎംഡി ശാസ്ത്രജ്ഞൻ അനന്യ കർമാകറും ഐഎംഡി ഡയറക്ടർ ജനറൽ ഓഫ് മീറ്റിയറോളജി മൃത്യുഞ്ജയ് മൊഹപാത്രയും ചൂണ്ടിക്കാട്ടി. അതിനാൽ ദീർഘകാല കാലാവസ്ഥാ പ്രവണതകൾക്കും ഓരോ സീസണിലെയും മഴയിലെ ഏറ്റക്കുറച്ചിലുകൾക്കും ഒരുപോലെ പ്രാധാന്യം നൽകണമെന്ന് അവർ അഭിപ്രായപ്പെട്ടു.

# കുട്ടികൾക്ക് ജലസുരക്ഷ വിദ്യാഭ്യാസം ഉറപ്പാക്കണം: മന്ത്രി കെ. മുരളീധരൻ

റോഡ് സുരക്ഷയ്ക്ക് നൽകുന്ന അതേ പ്രാധാന്യത്തോടെ, ചെറുപ്രായം മുതൽ തന്നെ ജലസുരക്ഷാ വിദ്യാഭ്യാസം നാം ഉറപ്പാക്കണമെന്ന് ആരോഗ്യ കുടുംബക്ഷേമ മന്ത്രി കെ. മുരളീധരൻ. മുങ്ങിമരണ പ്രതിരോധം സംബന്ധിച്ച ഇന്ത്യ- ഓസ്ട്രേലിയ സാങ്കേതിക സമിതി യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ജലസ്രോതസ്സുകളുമായി അഭേദ്യമായ ബന്ധമുള്ള കേരളം പോലൊരു സംസ്ഥാനത്ത് നീന്തൽ വിനോദം മാത്രമല്ല, ജീവൻ രക്ഷിക്കാൻ സഹായിക്കുന്ന അനിവാര്യമായ ഒരു ജീവിത നൈപുണ്യം കൂടിയാണ്. അപകടകരമായ ക്വാറികൾ, കനാലുകൾ, നദീതീരങ്ങൾ, തീരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. എമർജൻസി റെസ്പോൺസ് സംഘങ്ങൾ, തീരദേശ പോലീസ്, മത്സ്യത്തൊഴിലാളികൾ എന്നിവർ പ്രകടിപ്പിക്കുന്ന അസാധാരണമായ ധൈര്യവും സേവനമനോഭാവവും നാം പ്രയോജനപ്പെടുത്തണം. ജലാശയങ്ങളെക്കുറിച്ചുള്ള അവരുടെ വിലമതിക്കാനാവാത്ത അനുഭവപരിചയവും പ്രായോഗിക അറിവും ഔദ്യോഗികമായി രക്ഷാപ്രവർത്തന ശൃംഖലകളുടെയും സമൂഹാധിഷ്ഠിത പരിശീലന പരിപാടികളുടെയും ഭാഗമാക്കണമെന്നും മന്ത്രി പറഞ്ഞു. സിപിആർ പരിശീലനം വ്യാപിപ്പിക്കുക, ആംബുലൻസ് സേവനങ്ങളുടെ പ്രതികരണശേഷി മെച്ചപ്പെടുത്തുക, അടിയന്തര ചികിത്സാ വിഭാഗങ്ങളെ ആവശ്യമായ സൗകര്യങ്ങളോടെ സജ്ജമാക്കുക എന്നിവയിലൂടെ രക്ഷാപ്രവർത്തനത്തിനു ശേഷമുള്ള നിർണായക നിമിഷങ്ങൾ ഫലപ്രദമാക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.

എല്ലാ മുങ്ങിമരണങ്ങളും അപകടവശാൽ സംഭവിക്കുന്നതല്ല. ശാരീരികവും വൈകാരികവുമായ കാരണങ്ങളാൽ സംഭവിക്കുന്ന മരണങ്ങൾ തടയുന്നതിനായി മുങ്ങിമരണ പ്രതിരോധ പ്രവർത്തനങ്ങളെ മാനസികാരോഗ്യ പരിചരണം, കൗൺസിലിങ് സേവനങ്ങൾ, പ്രതിസന്ധി ഘട്ടങ്ങളിലെ അടിയന്തര ഇടപെടൽ സംവിധാനങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും മന്ത്രി ചൂണ്ടിക്കാട്ടി.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, സംസ്ഥാന ആരോഗ്യവിദ്യാഭ്യാസ വകുപ്പ്, ഓസ്ട്രേലിയൻ ഗവൺമെന്റ്, റോയൽ ലൈഫ് സേവിങ് സൊസൈറ്റി ഓസ്ട്രേലിയ, ജോർജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഗ്ലോബൽ ഹെൽത്ത് ഓസ്ട്രേലിയ എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് അധ്യക്ഷയായി. ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം അഡീഷണൽ ഡയറക്ടർ ജനറൽ, ഡോ. ഗീത ആനന്ദൻ, കേരള സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ, മെഡിക്കൽ എജ്യുക്കേഷൻ ഡയറക്ടർ ഡോ. കെ. വി. വിശ്വനാഥൻ, തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. രഞ്ജു രവീന്ദ്രൻ, ജോർജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഗ്ലോബൽ ഹെൽത്ത് ഇൻജുറി പ്രോഗ്രാം മേധാവി ഡോ. ജഗ്നൂർ ജഗ്നൂർ , ഓസ്ട്രേലിയ റോയൽ ലൈഫ് സേവിങ് സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ജസ്റ്റിൻ സ്കാർ എന്നിവർ സംസാരിച്ചു.

ഇരുരാജ്യങ്ങളിലെയും മുങ്ങിമരണ പ്രതിരോധവുമായി ബന്ധപ്പെട്ട നയരൂപകർത്താക്കൾ, ഗവേഷകർ, പ്രായോഗിക പ്രവർത്തകർ എന്നിവരെ പരസ്പരം ബന്ധിപ്പിക്കുക,

മുങ്ങിമരണങ്ങൾ കുറയ്ക്കുന്നതിനായി ദീർഘകാലാടിസ്ഥാനത്തിലുള്ളതും സുസ്ഥിരവുമായ മാറ്റങ്ങൾ കൈവരിക്കുന്നതിന് ഇരു രാജ്യങ്ങളിലും മുങ്ങിമരണ പ്രതിരോധ നയങ്ങളും തന്ത്രങ്ങളും വികസിപ്പിക്കുന്നതിന് പിന്തുണ നൽകുക എന്നിവയിൽ വിവിധ സെഷനുകളിലായി സെമിനാറുകളും ചർച്ചകളും നടന്നു.

# സംസ്ഥാനത്ത് മഴയുടെ ശക്തി കുറയുന്നു; ഇന്നു മാത്രം മുന്നറിയിപ്പ്, ഏഴു ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യത. വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലാണ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുള്ളത്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

വരുംമണിക്കൂറിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ നേരിയ മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലും അതിനോട് ചേർന്ന തെക്കൻ തമിഴ്നാട് തീരപ്രദേശത്തിനും മുകളിലായി ന്യൂനമർദ്ദം സ്ഥിതിചെയ്യുന്നു. ലക്ഷദ്വീപ് മേഖലയിൽ നിന്ന് തെക്കൻ കേരളത്തിലൂടെ തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദവുമായി ബന്ധപ്പെട്ട ചക്രവാതച്ചുഴിയിലേക്ക് നീളുന്ന ന്യൂനമർദ്ദ പാത്തി ട്രഫ് സ്ഥിതിചെയ്യുന്നു.

മധ്യ ബംഗാൾ ഉൾക്കടലിലും അതിനോട് ചേർന്ന മധ്യപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലുമായി 'ഓർണബ്' ചുഴലിക്കാറ്റ് രൂപപ്പെട്ടു. ചുഴലിക്കാറ്റ് പടിഞ്ഞാറ്–വടക്കുപടിഞ്ഞാറൻ ദിശയിൽ നീങ്ങി ഇന്ന് അർധരാത്രിയോടെ ശക്തമായ ചുഴലിക്കാറ്റായി മാറാൻ സാധ്യതയുണ്ട്. ചൊവ്വാഴ്ച ഇതേ മേഖലയിൽ അതിശക്തമായ ചുഴലിക്കാറ്റായി ശക്തിപ്രാപിക്കാനും സാധ്യതയുണ്ട്.

തുടർന്ന് വടക്കുപടിഞ്ഞാറൻ ദിശയിൽ നീങ്ങി കൂടുതൽ ശക്തിപ്രാപിച്ച് അതിശക്തമായ ചുഴലിക്കാറ്റായി മാറുകയും ബുധനാഴ്ച ഉച്ചയ്ക്ക് മുമ്പ് ആന്ധ്രാപ്രദേശ് യാനം തീരങ്ങൾക്കിടയിലൂടെ, ബാപട്ലക്കും വിശാഖപട്ടണത്തിനും ഇടയിൽ, മണിക്കൂറിൽ 115 മുതൽ 125 കിലോമീറ്ററും, പരമാവധി വേഗം മണിക്കൂറിൽ 140 കിലോമീറ്റർ വരെയും അതിശക്തമായ ചുഴലിക്കാറ്റായി കരയിൽ പ്രവേശിക്കാൻ സാധ്യതയുണ്ട്.

അതേസമയം, കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യത.

# മാസപ്പടി കേസിൽ പിണറായിക്കും മകൾ വീണയ്ക്കും റിയാസിനുമായി പ്രമുഖ അഭിഭാഷകരുടെ നിര

തിരുവനന്തപുരം: സിഎംആർഎൽ – എക്സാലോജിക് ഇടപാടുമായി ബന്ധപ്പെട്ട് ഹൈക്കോടതി സിംഗിൾ ബെഞ്ചിൻറെ മുൻ ഉത്തരവിനെതിരെയുള്ള അപ്പീലിൽ പ്രതിഭാഗത്തിനായി ഹാജരായത് മുതിർന്ന അഭിഭാഷകരുടെ നീണ്ട നിര. സിംഗിൾ ബെഞ്ചിനെ സമീപിച്ച മുൻ സിപിഎം നേതാവ് കെ. എം. ഷാജഹാന് കൃത്യമായ രാഷ്ട്രീയ താത്പര്യങ്ങളാണുള്ളതെന്ന് പിണറായി വിജയൻറെ അഭിഭാഷകൻ വാദിച്ചു

പിണറായി വിജയനായി സുപ്രീംകോടതിയിലെ പ്രമുഖ അഭിഭാഷകൻ സിദ്ധാർത്ഥ് ലൂത്ര ഓൺലൈൻ വഴി ഹാജരായപ്പോൾ, അദ്ദേഹത്തിൻറെ മകൾ ടി. വീണ, മരുമകനും നേതാവുമായ പി. എ. മുഹമ്മദ് റിയാസ് എന്നിവർക്കായി പ്രമുഖ അഭിഭാഷകൻ അഡ്വ. എൻ. ഹരിഹരൻ ഹാജരായി. അഴിമതി നിരോധന നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളൊന്നും കേസിൽ നിലനിൽക്കുന്നില്ലെന്ന് പിണറായിയുടെ അഭിഭാഷകൻ ചൂണ്ടിക്കാട്ടി.

കമ്പനി ആക്ട് പ്രകാരമുള്ള ചില കാര്യങ്ങളിൽ എസ്എഫ്ഐഒക്ക് മാത്രമേ അന്വേഷണം നടത്താനാകൂ. ഇഡി നൽകിയ കത്തിൻറെ അടിസ്ഥാനത്തിൽ മാത്രം വിജിലൻസ് അന്വേഷണം ആവശ്യപ്പെടാനാവില്ല. കെ. എം. ഷാജഹാനെ പാർട്ടിയിൽ നിന്ന് പുറത്താക്കിയതാണെന്നും, ഹർജി നൽകാൻ അദ്ദേഹത്തിന് യാതൊരു നിയമപരമായ അവകാശവുമില്ലെന്നും വീണയുടെ അഭിഭാഷകൻ കോടതിയെ അറിയിച്ചു.

ഹർജിക്കാരന് രാഷ്ട്രീയ അജണ്ടയുണ്ടെന്ന പ്രതിഭാഗ വാദത്തോട്, 'ഹർജിക്കാരൻ നിലവിൽ ഒരു രാഷ്ട്രീയക്കാരനല്ലല്ലോ' എന്ന് കോടതി വാക്കാൽ ചോദിച്ചു. കേസിൽ വാദം കൂടുതൽ വിശദമായി തുടരും.

# 'ജഡ്ജിയുടെ മകനായതുകൊണ്ട് നിയമം മാറ്റിയെഴുതാൻ ആർക്കാണ് അധികാരം '

തിരുവനന്തപുരം: ചേരാനല്ലൂരിൽ അമിതവേഗത്തിലെത്തിയ ആഡംബര കാറിടിച്ചു സാധാരണക്കാരനായ ജയബാലകൃഷ്ണൻ കൊല്ലപ്പെട്ട സംഭവത്തിൽ പ്രതിയെ രക്ഷിക്കാൻ പൊലിസ് ഒത്തുകളിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ.

റോഡിൽ മനുഷ്യരക്തം വീഴ്ത്തുന്നവർക്കു പണവും ഉന്നത സ്വാധീനവുമുണ്ടെങ്കിൽ പ്രത്യേക ആനുകൂല്യവും നിയമപരിഗണനയും നൽകുന്നത് എന്തുതരം നിയമപാലനമാണെന്നും അദ്ദേഹം ചോദിച്ചു. വേട്ടക്കാർക്ക് കാവലൊരുക്കുന്നത് ജനാധിപത്യ സമൂഹത്തിന് അപമാനമാണെന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി.

പ്രായപൂർത്തിയാകാത്ത, ലൈസൻസില്ലാത്ത പതിനേഴുകാരനാണ് അമിതവേഗത്തിൽ വാഹനമോടിച്ച് അപകടമുണ്ടാക്കിയത്. പ്രതി ജഡ്ജിയുടെ മകനായതിനാലാണ് പൊലിസ് നിയമം മാറ്റിയെഴുതാൻ ശ്രമിക്കുന്നത്. എഫ്ഐആറിൽ പ്രതിയുടെ പേര് മറച്ചുവച്ച് 'അൺനോൺ' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അപകട ദൃശ്യങ്ങൾ പകർത്തിയ നാട്ടുകാരുടെ ഫോണുകൾ പിടിച്ചെടുത്ത് തെളിവ് നശിപ്പിക്കാൻ പൊലിസ് ശ്രമിച്ചതായും അദ്ദേഹം ആരോപിച്ചു.

നെടുമ്പാശേരി വാഹനാപകടത്തിൽ പ്രതിയെ രക്ഷിക്കാൻ പൊലിസ് നടത്തിയ അതേ നീക്കമാണ് ചേരാനല്ലൂരിലും ആവർത്തിച്ചത്. ഉന്നതരുടെ മക്കൾ എന്തു നിയമലംഘനം നടത്തിയാലും അതു മൂടിവയ്ക്കാൻ പൊലിസുണ്ട് എന്ന അഹങ്കാരത്തിനാണ് സർക്കാർ കുടപിടിക്കുന്നത്. സ്വാധീനമുപയോഗിച്ച് കേസ് തേച്ചുമായ്ച്ചു കളയാമെന്ന് യുഡിഎഫ് സർക്കാരും പൊലിസും കരുതേണ്ടെന്നും നീതിക്കായുള്ള ആ കുടുംബത്തിൻറെ പോരാട്ടത്തിൽ നാട് ഒറ്റക്കെട്ടായി ഒപ്പമുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

പ്രതിപക്ഷ നേതാവിൻറെ വിമർശനങ്ങൾ ശരിവെച്ച ആഭ്യന്തര മന്ത്രി പൊലിസ് നടപടിയിൽ വീഴ്ചയുണ്ടായതായി സഭയെ അറിയിച്ചു. പ്രതികളെ രക്ഷപ്പെടാൻ അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു

# ബെൽറ്റെന്ന് കരുതി, എടുക്കാൻ നോക്കിയപ്പോൾ രാജവെമ്പാല

എരുമേലി: ഏയ്ഞ്ചൽ വാലിയിൽ വീട്ടിൽ കയറിയ രാജവെമ്പാലയെ വനം വകുപ്പ് അധികൃതർ പിടികൂടി. ഇന്നു രാവിലെ ഏഴിനു പൊങ്ങന്താനം ബാബുവിൻറെ വീട്ടിലാണ് പാമ്പ് കയറിയത്.

മുറിയിൽ ബെൽറ്റ് വീണു കിടക്കുകയാണെന്നു കരുതി എടുക്കാൻ ചെന്നപ്പോഴാണ് പാമ്പാണെന്ന് മനസിലായത്. തുടർന്ന് പാമ്പ് ബാത്റൂമിലേക്കു കയറുകയായിരുന്നു. ഉടൻ തന്നെ വീട്ടുകാർ കതകടച്ചു വനംവകുപ്പ് അധികൃതരെ വിവരം അറിയിക്കുകയായിരുന്നു.

എഴുകുമൺ ഫോറസ്റ്റ് സ്റ്റേഷനിൽനിന്ന് ആർആർടി സംഘം മണിക്കൂറുകൾ പരിശ്രമിച്ചാണ് പാമ്പിനെ പിടികൂടിയത്. പ്രദേശത്ത് വന്യമൃഗശല്യം രൂക്ഷമാണെന്ന് നാട്ടുകാർ പറഞ്ഞു. കഴിഞ്ഞ ദിവസം രാവിലെ ടാപ്പിംഗിനു പോയ വയോധികനെ കാട്ടുപന്നി ആക്രമിച്ചിരുന്നു.

അതേസമയം, തലനാരിഴയ്ക്ക് രാജവെമ്പാലയുടെ ആക്രമണത്തിൽനിന്നു രക്ഷപ്പെട്ടതിൻറെ ആശ്വാസത്തിലാണ് വീട്ടുകാർ. രാജവെമ്പാല വീടിനകത്ത് എങ്ങനെ എത്തിയെന്നതും വീട്ടുകാർക്ക് തിരിച്ചറിയാനായിട്ടില്ല. ഈ പ്രദേശത്ത് ഇനിയും രാജവെമ്പാല കാണുമെന്ന ഭീതിയും നാട്ടുകാർക്കുണ്ട്. എന്തായാലും വീടിനുള്ളിലും അതീവ ശ്രദ്ധ വേണമെന്ന സ്ഥിതിയിലാണ് കാര്യങ്ങൾ.

# 2026 – ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശ സംരക്ഷണവും) ബിൽ ചർച്ചയിൽ മുഖ്യമന്ത്രി വി. ഡി സതീശന്റെ പ്രസംഗം

വിലപ്പെട്ട നിർദേശങ്ങൾ മുന്നോട്ട് വച്ച അംഗങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു. കേന്ദ്രനിയമത്തിന് വിരുദ്ധമായ ഒരു പ്രൊവിഷൻ പോലും ഈ നിയമത്തിലില്ല. കേന്ദ്രനിയമവും കേരളം നേരത്തെ പാസാക്കിയ പഴയ നിയമവും തമ്മിലുള്ള പ്രധാന വ്യത്യാസം കേരളം നേരത്തെ പാസാക്കിയ നിയമത്തിൽ പറയുന്നത് ഒരു കമ്മീഷനെ നിയമിക്കുമെന്നതാണ്. നമ്മുടെ പുതിയ നിയമം പരിചരണവും അവകാശങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ലോകത്ത് ആദ്യമായാണ് മുതിർന്ന പൗരൻമാരുടെ അവകാശങ്ങൾക്ക് ഗ്യാരന്റി നൽകുന്ന നിയമം പാസാക്കുന്നത്. ആ ഭാഗ്യം നമ്മുടെ കേരള നിയമസഭയ്ക്കാണ് ഉണ്ടായത്.

അവകാശങ്ങൾക്ക് ഗ്യാരന്റി നൽകുന്ന കാര്യം ഇതിന് മുൻപ് പാസാക്കിയ നിയമത്തിലോ ഇല്ല കേന്ദ്ര നിയമത്തിലോ ഇല്ല. കേന്ദ്ര നിയമത്തിൽ മുതിർന്ന പൗരൻമാരുടെയും പേരന്റ്സിന്റെയും മെയിന്റനൻസും വെൽഫെയറുമാണ് ഏറ്റവും കൂടുതൽ പ്രാധാന്യം. മുതിർന്ന പൗരൻമാരെ ഉപേക്ഷിക്കുന്നവർക്കുള്ള ശിക്ഷ സംബന്ധിച്ച് കേന്ദ്ര നിയമത്തിന് അനുകൂലമായി വ്യവസ്ഥ ചെയ്ത ഭേദഗതികൾ കൊണ്ടു വന്നിട്ടുണ്ട്. ലിവിംഗ് വിൽ സംബന്ധിച്ച സുപ്രീം കോടതി മാർഗനിർദേശങ്ങളും നമ്മൾ കൊണ്ടുവന്ന പുതിയ കാര്യങ്ങളും റൂൾസ് ഫ്രെയിം ചെയ്യുമ്പോൾ വരും എന്ന് പറഞ്ഞിട്ടുണ്ട്. സുപ്രീം കോടതി നിർദേശങ്ങൾ ഒന്നും ലംഘിക്കില്ല.

ഇതൊരു സ്പെഷ്യൽ ആക്ട് ആണ്. ഭരണഘടനാപരമായി സ്പെഷ്യൽ ആക്ട് നിലനിൽക്കും.

കേന്ദ്ര നിയമവുമായി ഒരു പ്രൊവിഷനിലും എതിരായിട്ട് നിൽക്കില്ല. പീഡനം എന്ന വാക്ക് ബില്ലിൽ കൃത്യമായി നിർവചിക്കപ്പെട്ടിട്ടുണ്ട്. വിശ്വാസ വഞ്ചനാപരമായ പീഡനം, സാമ്പത്തിക ദുരുപയോഗം, ലൈംഗിക പീഡനം, വാക്കാലുള്ള അധിക്ഷേപം, നിർബന്ധിതമായ പീഡനം, ശാരീരികവും മാനസികവും വൈകാരികവുമായ മുറിവേൽപ്പിക്കൽ, മുതിർന്ന പൗരന് അന്തസായി ജീവിക്കാനുള്ള അടിസ്ഥാന ആവശ്യങ്ങൾ അവഗണിക്കൽ, അവശ്യ സാധനങ്ങളും സേവനങ്ങളും നിഷേധിക്കുന്നതും ഉൾപ്പെടെ പീഡനം എന്ന വാക്ക് തെറ്റായി വാഖ്യാനിക്കാതിരിക്കാൻ കതൃമായി നിർവചിക്കപ്പെട്ടിട്ടുണ്ട്. വയോജനങ്ങൾക്കായി ഒരു ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തണമെന്ന നിർദേശം സർക്കാർ തീർച്ചയായും പരിഗണിക്കും.

ഈ നിയമത്തിൽ വെൽഫെയർ അല്ല പ്രധാനം. വെൽഫെയർ ഒരു ഘടകം മാത്രമാണ്. സിൽവർ ഇക്കോണമിയാണ് പ്രധാന ലക്ഷ്യം. ഡെമോഗ്രാഫിക് ചെയ്ഞ്ചിന് അനുസരിച്ച് മുതിർന്ന ആളുകളുടെ എണ്ണം വർധിക്കുകയാണ്. അവർക്ക് ചെയ്യാൻ പറ്റുന്ന നിരവധി പദ്ധതികളുണ്ട്. അതിന് അവർക്ക് നേതൃത്വം കൊടുക്കാൻ കഴിയും അതിന് അവരെ പ്രാപ്തരാക്കുക എന്നതാണ്. കുടുംബശ്രീയിലെ സ്ത്രീകളെ സ്വയം പര്യാപ്തരാക്കുക എന്നത് ഈ സർക്കാരിന്റെ പ്രധാന ലക്ഷ്യമാണ്. അതിൽ ഈ മുതിർന്ന പൗരൻമാരുടെ അനുഭവപരിചയം ഉപയോഗപ്പെടുത്തണം. യുവാക്കളുടെ സ്റ്റാർട്ടപ്പ് സംരംഭങ്ങളിലും അവരുടെ എക്സ്പർട്ടൈസ് ഉപയോഗപ്പെടുത്തണം. ഡാറ്റ കളക്ഷൻ ആണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. അത് കൃത്യമായി റിവ്യൂ ചെയ്യുന്ന സംവിധാനം ഉണ്ടാകും.

സംസ്ഥാനത്ത് അടുത്ത അധ്യയന വർഷം മുതൽ കെയർ ഗിവിംഗ് കോഴ്സ് ആരംഭിക്കും. ബില്ലിൽ മുതിർന്ന പൗരൻമാരുടെ പരിചരണം, അത് നൽകുന്ന ഏജൻസികളുടെ കോംപീറ്റൻസി. രണ്ടാമത് അവരുടെ അവകാശങ്ങൾക്കുള്ള ഗ്യാരന്റി. സ്വത്ത് തട്ടിയെടുത്തിട്ട് മുതിർന്നവരെ തള്ളിക്കളയുന്നവർക്ക് കർശന ശിക്ഷാ നടപടിയാണ് ബില്ലിലുള്ളത്. ഒരു പൊതുസമൂഹത്തിന്റെ ഏറ്റവും വലിയ ഉത്തരവാദിത്വമാണ് മുതിർന്ന പൗരൻമാരുടെ സംരക്ഷണം. ലോകത്തിന് ഒരു മോഡൽ ആയിട്ട് മുതിർന്ന പൗരൻമാരുടെ സംരക്ഷണം നമുക്ക് ഏറ്റെടുക്കണം. അതിന് ഒരു മാതൃക ബിൽ ആയിട്ടാണ് ഈ നിയമസഭ മുന്നോട്ടു പോകുന്നത്. ഇവിടെ നല്ല നിർദേശങ്ങൾ വന്നിട്ടുണ്ട്. 1186 എന്ന ഹെൽപ്പ്ലൈൻ നമ്മൾ ഏർപ്പെടുത്തണമെന്ന് ഭേദഗതികളായി വന്നിട്ടുണ്ട്. കൺസ്ട്രക്റ്റീവ് ആയ അഭിപ്രായങ്ങളെല്ലാം പരമാവധി ബില്ലിൽ ഇൻകോർപ്പറേറ്റ് ചെയ്യുമെന്ന് ഉറപ്പ് പറഞ്ഞിരുന്നതാണ്. ഒരുപാട് ഭേദഗതികൾ ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. നല്ല പരിശോധന നടത്തിയിട്ടുണ്ട്.

ഒരു കാലത്തുമില്ലാത്ത തരത്തിൽ ഈ ഭേദഗതികളോട് വളരെ പോസിറ്റീവായ റെസ്പോൺസ് ഇരുപക്ഷത്തുനിന്നും ഉണ്ടായിട്ടുണ്ട്. വളരെ സജീവമായി നിയമനിർമ്മാണ വേളയിൽ പങ്കെടുക്കാൻ അംഗങ്ങൾ ശ്രമിച്ചിട്ടുണ്ട്. അവർ മുന്നോട്ട് വച്ച നല്ല ആശയങ്ങൾ അതിനകത്തുണ്ട്. ഇരുപക്ഷത്ത് നിന്നുമുള്ള ഭേദഗതികൾ സ്വീകരിച്ച് ഒരു സമഗ്രമായ നിയമമായിരിക്കും ഇത്. ഈ സഭയിലെ അംഗങ്ങളായ നമുക്ക് എല്ലാവർക്കും അഭിമാനിക്കാൻ കഴിയുന്ന മാതൃകാ നിയമമായിരിക്കും.

## ചേരാനല്ലൂർ വാഹനാപകടം: ജഡ്ജിയുടെ മകന് ജാമ്യം ലഭിച്ചതിൽ ആശ്ചര്യം; പൊലിസിന് വീഴ്ച പറ്റിയെന്ന് ആഭ്യന്തരമന്ത്രി

തിരുവനന്തപുരം: ചേരാനല്ലൂരിൽ പതിനേഴുകാരൻ ഓടിച്ച ആഡംബര കാറിടിച്ച് തട്ടുകട നടത്തിയിരുന്ന ജയബാലകൃഷ്ണൻ കൊല്ലപ്പെട്ട സംഭവം അതിദാരുണമാണെന്നും പൊലിസിൻറെ ഭാഗത്തുനിന്ന് ആദ്യം വീഴ്ചയുണ്ടായെന്നും ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല സഭയിൽ സമ്മതിച്ചു. സംഭവത്തിൽ പ്രതിയായ 17–കാരന് ജുവനൈൽ മജിസ്ട്രേറ്റ് ഉടൻ ജാമ്യം നൽകിയത് ആശ്ചര്യപ്പെടുത്തുന്നതാണെന്നും അദ്ദേഹം വ്യക്തമാക്കി. പ്രതിപക്ഷ നേതാവ് പിണറായി വിജയൻ നിയമസഭയിൽ വിഷയം ഉന്നയിച്ചതിനോട് പ്രതികരിക്കുകയായിരുന്നു മന്ത്രി. അപകടം നടന്ന ഉടൻ പൊലിസ് സ്വീകരിച്ച നടപടികൾ ശരിയല്ലെന്ന നിലപാടിലാണ് താൻ ഡിജിപിയോടും കമ്മീഷണറോടും വിശദീകരണം തേടിയത്. തുടർന്ന് മനഃപൂർവമുള്ള നരഹത്യ ഉൾപ്പെടെ കൂടുതൽ കർശനമായ വകുപ്പുകൾ കേസിൽ കൂട്ടിച്ചേർക്കാൻ നിർദേശം നൽകി. പ്രതിക്ക് ലഭിച്ച ജാമ്യം റദ്ദാക്കാൻ ആവശ്യപ്പെട്ട് പൊലിസ് ഉടൻ കോടതിയിൽ അപേക്ഷ നൽകും.

ഹൈക്കോടതിയുടെ അനുമതിയോടെ വാഹന ഉടമയായ അഡീഷണൽ സെഷൻസ് ജഡ്ജിക്കെതിരെ കേസെടുക്കും. 'പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ വ്യത്യാസമില്ലാതെ ന്യായവും നീതിയും എല്ലാവർക്കും ഒരുപോലെയാണ്, ' എന്നും മന്ത്രി സഭയിൽ ഉറപ്പുനൽകി. തുടക്കത്തിൽ എഫ്ഐആറിൽ ശക്തമായ വകുപ്പുകൾ ചുമത്താത്തതാണ് പ്രതിക്ക് ഉടൻ ജാമ്യം ലഭിക്കാൻ കാരണമായതെന്ന് മരിച്ച ജയബാലകൃഷ്ണൻറെ കുടുംബം ആരോപിക്കുകയും പൊലിസ് സ്റ്റേഷന് മുന്നിൽ കുത്തിയിരിപ്പ് സമരം നടത്തുകയും ചെയ്തിരുന്നു.

എന്നാൽ ലഭിച്ച ആദ്യമൊഴിയുടെ അടിസ്ഥാനത്തിലാണ് പ്രാഥമിക കേസ് രജിസ്റ്റർ ചെയ്തതെന്നും, കൂടുതൽ തെളിവുകൾ ശേഖരിച്ച ശേഷം ഉയർന്ന വകുപ്പുകൾ കൂട്ടിച്ചേർത്തതാണെന്നും എറണാകുളം സിറ്റി പൊലിസ് കമ്മീഷണർ വ്യക്തമാക്കി.

# 'മീഠി ദീപാവലി' ക്യാമ്പെയ്നിനായി ഗൂഞ്ചുമായി കൈകോർത്ത് ഭീം ആപ്പ്

തിരുവനന്തപുരം: പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് പിന്തുണ നൽകുന്നതിനായി ഭീം പേയ്മെന്റ്സ് ആപ്പ് 'മീഠി ദീപാവലി 2026' ക്യാമ്പെയ്നിന്റെ ഭാഗമായി ഗൂഞ്ചുമായി സഹകരിക്കുന്നു. ഒക്ടോബർ 19 മുതൽ നവംബർ എട്ടു വരെ ഉപയോക്താക്കൾ നടത്തുന്ന ഓരോ ഏഴാമത്തെ ഇടപാടിനും അർഹരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ അടങ്ങിയ സ്കൂൾ കിറ്റുകൾ ലഭ്യമാക്കുന്നതിനായി ഭീം ആപ്പ് സംഭാവന നൽകും.